Leave of absence.

Mr. Speaker : Here is a letter from Shri K. V. Mohammed, M. L. A.,

" As I am leaving India for Saudi Arabia, for performing the Haj Pilgrimage this year, I wish to obtain permission of the Assembly for remaining absent for all the meetings from 15th April 1959 to 1st August 1959 and request you to grant me necessary permission of the House as required under Rule 196 of the Rules of Procedure and Conduct of business."

Is it the pleasure of the House that leave be granted to Shri K. V. Mohammed to be absent from the Assembly from the 15th April?

Leave was granted.

CALLING ATTENTION UNDER RULE 66.

LAW LESSNESS IN VAIKOM.

Mr. Speaker : There is a reply due from the Home Minister to the matter raised by Shri K. R. Narayanan on the lawlessness in Vaikom.

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) : ഇതിനെ സംബന്ധിച്ചു കേസുകൾ നിലവിലുണ്ട്. കേസുകളുടെ വിശദാംശങ്ങളെ സംബന്ധിച്ചു് എനിക്കു പറയാൻ സാധ്യമല്ല. ഈ കേസുകൾമൂലം അവിടെയുള്ള സംവ്യവസ്ഥാ നിയന്ത്രണാധീനമാക്കുന്നതിനും മറ്റു അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. പോലീസ് പെട്രോൾ ഊർജിതപ്പെടുത്തിയിട്ടുണ്ട് എന്നു സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

Mr. Speaker: Order, Order. Under Rule 66, three notices have been received from Smt. Leela Damodara Menon, Shri Kunhambu and Shri K. C. Abraham. I am not in a position to fix which is more important. So, I am sending them for proper action.

LEGISLATIVE BUSINESS.

The Kerala Agrarian Relations Bill—1957.

Clause 7 (Contd.)

[The number within brackets shown against the amendments denotes the number in the list of amendments.]

ശ്രീ. എം. സി. ഏബ്രഹാം : സബ്ഡ് ക്ലാസ് 3-ലെ സബ്ഡ് ക്ലാസ് (ബി) എടുത്തുകളയണമെന്നുള്ള ഭേദഗതിയെപ്പറ്റി സംസാരിക്കുകയാണു്. സബ്ഡ് ക്ലാസ് 'എ'യിൽ കുടിയാനു വേണ്ട സംരക്ഷണവ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ലാൻഡ് ലാർഡിനു 20 സെൻറിൽക്കുറഞ്ഞതൽ ഒഴിപ്പിച്ചെടുക്കാൻ പാടില്ല ; രണ്ടിൽക്കുറഞ്ഞതൽ ലാൻഡ് ലാർഡാണെങ്കിൽ 50 സെൻറിൽക്കുറഞ്ഞതൽ പാടില്ല ; ഇപ്രകാരം വ്യവസ്ഥ ചെയ്യേണ്ടയാവശ്യമില്ല. സബ്ഡ് ക്ലാസ് (ബി) എടുത്തുകളയണം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. സി. ഏബ്രഹാം]

അടുത്തതായി എനിക്ക സംസാരിക്കുവാനുള്ളത് അമെൻഡ്മെൻഡ് നമ്പർ 13-നെപ്പറ്റിയാണ്. സബ്ക്ലാസ് 4-ൽ സബ്ക്ലാസ് (എ) സെലക്ട് കമ്മറ്റി റിപ്പോർട്ടചെയ്ത പ്രകാരംതന്നെ പാസ്സാക്കേണ്ടതാണ്. അതിനു വ്യത്യാസം വരുത്താൻ പാടില്ല.

എന്റെ അടുത്ത ഭേദഗതിയെപ്പറ്റി സംസാരിക്കേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. അതിനടുത്ത ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് ടെനൻസിയുടെ കാലാവധി കഴിഞ്ഞ റിസംപ്ഷൻ അനുവദിക്കാവു എന്നാണ്. അതിന്റെ അടുത്ത ഭേദഗതികൊണ്ട് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത് സങ്കട കക്ഷിക്ക് ഏതു കോടതിയിലും അപ്പീൽ കൊടുക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കണമെന്നുള്ളതാണ്. ഒടുവിലത്തെ ഭേദഗതിയെപ്പറ്റി ഒന്നും സംസാരിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഈ ഭേദഗതികളും അനുഭാവപൂർവ്വം പരിചിന്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. എ. മാത്യു : സർ, 7-ാംവകുപ്പ്—ബഹുമാനപ്പെട്ട മന്ത്രി 3-ാമത്തെ ലിസ്റ്റ് 8-ാമത്തെ ഭേദഗതിക്ക് അവതരിപ്പിച്ചിട്ടുള്ള ഭേദഗതിക്ക് 5 ഭേദഗതികളാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ എന്റെ ആദ്യത്തെ ഭേദഗതി സബ്ക്ലാസ് 2-നു് ആണ്. ആരാധനാസ്ഥലങ്ങളിൽ അവശ്യം കൂടുതൽ കെട്ടിടങ്ങളും വയ്ക്കുന്നതിനും മറ്റും സ്ഥലങ്ങളും ഒഴിപ്പിച്ചെടുക്കുമ്പോൾ കലക്ടരുടെ സർട്ടിഫിക്കറും ആവശ്യമാണെന്നും ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ".....for the purpose of extending the place of public religious worship.....". മൂന്നു കാരണങ്ങളെ മുൻനിറുത്തി ഒഴിപ്പിച്ചെടുക്കാം. സ്വന്തം കൃഷിയാവശ്യത്തിനും കെട്ടിടം വയ്ക്കുന്നതിനും ആരാധനാസ്ഥലങ്ങൾക്കും. മറ്റു രണ്ടു കാര്യങ്ങൾക്കും ബോണഫൈഡിയാണെങ്കിൽ ഒഴിപ്പിച്ചെടുക്കാമെന്ന വ്യവസ്ഥയുണ്ട്. ബോണഫൈഡിയാണോ എന്നു തീരുമാനിക്കാൻ ഒരു ലാൻഡ് ട്രിബ്യൂണൽ അനുവദിച്ചിട്ടുണ്ട്. ബോണഫൈഡിയാണെന്നു കണ്ടുകഴിഞ്ഞാൽ കളക്ടരുടെ അനുവാദവും അംഗീകാരവും വേണമെന്നു നിർബ്ബന്ധിക്കുന്നതു് ബുദ്ധിമുട്ടാണ്. അതു് ശരിയായിരിക്കയില്ല. അതുകൊണ്ട് മറ്റു വകുപ്പുകളിൽ പറഞ്ഞിരിക്കുന്നതുപോലെ "....when the same is needed for the purpose extending the place of public religious worship" എന്നു മാത്രം പറഞ്ഞുനിറുത്തണം. അതാണ് എന്റെ ഭേദഗതിയിൽ ഞാൻ അവതരിപ്പിക്കുന്നതു്.

രണ്ടാമത്തെ ഭേദഗതി 4-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുണ്ട്. സ്വന്തം കൃഷിക്ക് സ്ഥലം ഒഴിപ്പിച്ചെടുക്കുന്നതിനെ സംബന്ധിച്ചാണ്. അങ്ങനെ വരുമ്പോൾ സ്വന്തം കൃഷിയാവശ്യത്തിനു് സ്ഥലം ഒഴിപ്പിച്ചെടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം രണ്ടുരണ്ടു കണ്ടീഷൻസ് ഞാൻ ഇതിൽ നിർദ്ദേശിച്ചിരിക്കുകയാണ്. സ്വന്തം കൃഷിയാവശ്യത്തിനു് സ്ഥലം ഒഴിപ്പിച്ചെടുക്കുന്ന വ്യക്തി കൃഷികൊണ്ടു മാത്രം ഉപജീവനം കഴിക്കുന്ന ആളായിരിക്കണമെന്നാണ് എന്റെ ഭേദഗതി.

സർ, മറ്റു രീതിയിൽ ജീവിക്കാൻ സൗകര്യമുള്ളവർ, കുറെ കൃഷിപ്പണി കൂടി ചെയ്തു് കഴിയുന്നതിനു് ഒരു താല്പര്യം ഇപ്പോൾ കാണിക്കുന്നുണ്ട്. അങ്ങനെ കാർഷികരംഗത്തേക്കുള്ള ഒരു തള്ളു് ഉണ്ടായിട്ടുള്ളതിനെ നിയന്ത്രിക്കണമെന്നാണ് എന്റെ അഭിപ്രായം. കാർഷികരംഗത്തു് ഇന്നുള്ള ഈ നിക്കം, ഇതര തുറകളിൽ ജീവിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ആവശ്യമില്ലാത്തതാണെന്നും, അവരെ അതാതു രംഗത്തുതന്നെ തുടരാൻ അനുവദിക്കണമെന്നും അതിനുള്ള സാഹചര്യമാണുണ്ടാക്കേണ്ടതെന്നും എനിക്കഭിപ്രായമുണ്ട്. ആ നിലയിൽ സ്വന്തമായിട്ടുള്ള കൃഷി ആവശ്യമാണെന്നു് ഏതെങ്കിലും വ്യക്തിക്കു് തോന്നിയാൽ, കൂടിയാന്റെ കൈവശമിരിക്കുന്ന വസ്തു ഒഴിപ്പിച്ചെടുക്കാൻ അവകാശം കൊടുക്കുമ്പോൾ, ആ വസ്തുവിൽനിന്നുള്ള വരവു് ആ കുടുംബത്തിന്റെ നിലനില്പിനു് അപരിത്യാജ്യമാണെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരവസ്ഥയുണ്ടായാൽ മാത്രം അങ്ങനെ അനുവദിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതുപോലെതന്നെ, സ്വന്തമായി കൃഷിചെയ്യണമെന്ന പറഞ്ഞാൽ വസ്തു, ആക്കുവേണ്ടി ഒഴിപ്പിച്ചെടുക്കുന്നുവോ, അവരുടെ ഭാരമസ്വലവും ആ വസ്തുവുമായിട്ട് പത്തുമൈൽ ദൂരമെങ്കിലും ഉണ്ടായിരിക്കണം. പത്തു മൈലിനകത്തു വസ്തു ഒഴിപ്പിച്ചെടുക്കണമെങ്കിൽ സ്വന്തമായിട്ട് കൃഷിക്കല്ലാതെ സാധ്യമല്ല. പത്തു മൈലിനകത്തു ഇങ്ങനെ ഒഴിപ്പിച്ചെടുക്കുന്ന വസ്തുക്കളെ സംബന്ധിച്ചിടത്തോളം, ആ വ്യക്തിക്ക് ആ വസ്തുവിൽനിന്നുള്ള വർത്തമാനം മാത്രമാണ് പ്രധാനപ്പെട്ട ജീവിതമാർഗ്ഗം എന്നുള്ള ഒരവസ്ഥ വന്നു ചേരണം. അങ്ങനെയുള്ള ഭൂമിയാണെങ്കിൽ സ്വന്തം കൃഷിക്ക് ഒഴിപ്പിച്ചെടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി മൂലം ഞാൻ അവതരിപ്പിച്ചിരിക്കുന്നത്".

മൂന്നാമത്തെ ഭേദഗതി, സബ്ബ് ക്ലാസ് 5-ൽ '2' എന്നുള്ളത് എടുത്തുകളയണം എന്നുള്ളതാണ്. ഒന്നാം സബ്ബ് ക്ലാസ്സിലുള്ള ഒന്നാം ഉപവകുപ്പിനെ സംബന്ധിച്ചിടത്തോളം കൂടിയിരിപ്പ് ഒഴിപ്പിച്ചെടുക്കണമെങ്കിൽ ചില വ്യവസ്ഥകളും ഉണ്ട്. ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാരണങ്ങളും മൂന്നാണ് ഏഴാം വകുപ്പനുസരിച്ച പറയുന്നത്. ആ മൂന്നു കാരണങ്ങളെ മുൻനിറുത്തിയും രണ്ടു കൂടിയാണെ ഒരിക്കലും ഒഴിപ്പിച്ചു എടുത്തുകൂടാ എന്നാണ് ഇതിൽ ചേർത്തിരിക്കുന്നത്".

(2) For the extension of places of public religious worship.

ഈ കാര്യത്തെ മുൻനിറുത്തി, ഒരു സമൂഹത്തിന്റെ മൊത്തത്തിലുള്ള ആവശ്യത്തിനുവേണ്ടി, അതു ഒഴിപ്പിച്ചെടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കണം; അതിനു പ്രതിഫലം ഏതു രീതിയിൽ കൊടുക്കണമെന്നുള്ളതു ട്രിബ്യൂണൽ നിശ്ചയിക്കണം. മതപരമായിട്ടുള്ള കാര്യത്തിനു കെട്ടിടം ഉണ്ടാക്കുന്നതിനും മറ്റും, അതു കൂടിയിരുപ്പായതുകൊണ്ടുമാത്രം തടസ്സം ഉണ്ടാകുന്നതു ശരിയല്ല. അതുകൊണ്ടു സബ്ബ് സെക്ഷൻ '2' എന്നുള്ളതു മാറ്റി, 3-ം, 4-ം സബ്ബ് സെക്ഷനെ സംബന്ധിച്ചിടത്തോളം ഇതു ചേർക്കുന്നതുകൊണ്ടു് അപാകമില്ല. For the extension of places of public religious worship എന്ന കാര്യത്തിനു രണ്ടു കൂടിയിരുപ്പുണ്ടെങ്കിൽത്തന്നെയും ഒഴിപ്പിച്ചെടുക്കാൻ, ഒരു സമൂഹത്തിന്റെ മൊത്തത്തിലുള്ള താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിച്ചെടുക്കാൻ അവകാശം ഉണ്ടായിരിക്കണം.

നാലാമത്തെ എന്റെ ഭേദഗതി, "unless the necessity for resumption arises at a later period" എന്നു സബ്ബ് ക്ലാസ് 6 (1)-ന്റെ അവസാനത്തു ചേർക്കണം എന്നാണ്. ഈ അക്ക്വിസിഷൻ പ്രാബല്യത്തിൽവരുന്ന കാലത്തു്, നിലവിലുള്ള ടെനൻറിനെ സംബന്ധിച്ചിടത്തോളം ഒരു കൊല്ലത്തിനുള്ളിൽ ഒഴിപ്പിക്കൽ സംബന്ധിച്ച നടപടി പൂർത്തിയാക്കിയിരിക്കണം എന്നാണ് മുൻപു പറഞ്ഞ മൂന്നു കാരണത്തെ മുൻനിറുത്തിയും വ്യവസ്ഥ ചെയ്തിരിക്കുന്നത്. അങ്ങനെ വ്യവസ്ഥ ചെയ്തുകഴിഞ്ഞാൽ, ഏതെങ്കിലും ഒരു ആവശ്യത്തിനു്, ഈ അക്ക്വിസിഷൻ പ്രാബല്യത്തിൽവന്നു വളരെക്കാലം കഴിഞ്ഞു് ഭൂമി ഒഴിപ്പിക്കേണ്ടതായിവന്നാൽ സാധിക്കാതെവരും. അതിനു പരിഹാരമായി, ആ ചിന്താക്കുഴപ്പം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു പൊതു ആരാധനാസ്ഥലത്തിനുവേണ്ടി, ഒരു കെട്ടിടം എക്സ്റ്റൻഡു ചെയ്യണമെങ്കിൽ, ഒരു ടെനൻസി ഒഴിപ്പിച്ചെടുക്കുന്നതിനു്, ഈ അക്ക്വിസിഷൻ നടപ്പിൽവന്നിട്ടു് നാലഞ്ചുകൊല്ലത്തിനു ശേഷമാണെങ്കിൽ സാധിക്കാതെവരും. ഈ വ്യവസ്ഥയനുസരിച്ചു് ഒരു കൊല്ലത്തിനുള്ളിൽ ഒഴിപ്പിച്ചെടുക്കാൻ നോട്ടീസുകൊടുത്തില്ലെങ്കിൽ ഒഴിപ്പിക്കാൻ നിവൃത്തിയില്ലെന്നു വരുന്നു. അതുകൊണ്ടു് ഏതു കാരണംപറഞ്ഞു മുൻനിറുത്തി, ഇതു് ഒഴിപ്പിച്ചെടുക്കുന്നുവോ, അക്ക്വിസിഷൻ നടപ്പിലായിക്കഴിഞ്ഞു് വളരെക്കാലം കഴിഞ്ഞതിനു ശേഷമാണെങ്കിൽ പ്രത്യേക പരിഗണനയില്ലെങ്കിൽ, ഈ വകുപ്പുകൊണ്ടു് ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകുകയില്ല. അതുകൊണ്ടു് എന്റെ ഭേദഗതി അവശ്യമായി വരുന്നു. അതു് സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എ. മാത്യു].

പിന്നീടുള്ള ഭേദഗതി സബ്ബ് ക്ലാസ് ഏഴിനെ സംബന്ധിച്ചിടത്തോളമാണ്. സബ്ബ് ക്ലാസ് ഏഴിൽ, ഒഴിപ്പിച്ചെടുക്കാനുള്ള നടപടിക്രമങ്ങളെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ നിർദ്ദേശിച്ചിരിക്കയാണ്. അങ്ങനെ ആവശ്യം വരുമ്പോൾ ലാൻഡ് ട്രിബ്യൂണലിനോടു് അപേക്ഷിക്കണമെന്നുള്ള വ്യവസ്ഥ കർശനമായി വച്ചിരിക്കുകയാണ്. സബ്ബ് ക്ലാസ്സ് ഏഴിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, വളരെയധികം ഭാരിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യാനുണ്ടു് ലാൻഡ് ട്രിബ്യൂണലിനു്. 2, 3, 4 എന്നീ ഉപവകുപ്പുകളിൽ പറയുന്നകാരണങ്ങൾ ശരിയാണെന്നു ബോധ്യപ്പെട്ടാൽ ലാൻഡ് ട്രിബ്യൂണലിനെ ആശ്രയിക്കാതെ, കുടിയാനും ജന്മിയും തമ്മിൽ പറഞ്ഞുതീർക്കാനുള്ള അവസരം അവർക്കു നൽകണം. കൂടുതൽ ജോലി ചെയ്യേണ്ട ലാൻഡ് ട്രിബ്യൂണലിനെ ഈ കാര്യത്തിനുവേണ്ടി ബുദ്ധിമുട്ടിക്കാതെ കുടിയാനും ജന്മിയും തമ്മിൽ ഈ കാര്യങ്ങൾ പറഞ്ഞു് ഒത്തുക്കാനുള്ള അവസരം കൊടുക്കേണ്ടതാണു്. അതുകൊണ്ടാണു്, "Provided that the landlord and tenant may in accordance with the provisions in sub-sections (3) and (4) settle the matter by mutual agreement". ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കാൻ ഇടയായതു്. 15-ാംവകുപ്പിൽ, സ്ഥാനം ഹോൾഡറും ടെനൻറും തമ്മിൽ ഈ വക കാര്യങ്ങൾ പറഞ്ഞുതീർക്കുന്നതിൽ വിരോധമില്ലെന്നു് ഈ അടിസ്ഥാനത്തിൽ ഒരു തരത്തിൽ നാം അംഗീകരിച്ചിട്ടുണ്ടു്. 15-ാംവകുപ്പു്, 8-ൽ ആ വ്യവസ്ഥയാണു് സ്വീകരിച്ചിരിക്കുന്നതു്. അതുകൊണ്ടു് റിസംപ്ഷൻ കാര്യത്തെ സംബന്ധിച്ചു് ജന്മിയും കുടിയാനും തമ്മിലുള്ള കാര്യങ്ങൾ അവർ തമ്മിൽ പറഞ്ഞുതീർക്കാനുള്ള അവസരം കൊടുക്കണമെന്നാണു് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഇതു് റിസംപ്ഷനെ സംബന്ധിച്ചിടത്തോളം ന്യായമായ രീതിയിൽ ചെയ്യുന്നതിനു് ആവശ്യമാണെന്നുള്ളതുകൊണ്ടു് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ: സബ്ബ് ക്ലാസ് 4 (എ) വകുപ്പിനെ സംബന്ധിച്ചിടത്തോളം ഞാൻ അവതരിപ്പിച്ച ഭേദഗതിയെ സംബന്ധിച്ചു് എന്റെ സ്നേഹിതൻ ശ്രീ. എം. സ. ഏബ്രഹാം പറഞ്ഞതുതന്നെയാണു് എനിക്കും പറയാനുള്ളതു്. കുടിയാന്റെ കൈവശം സീലിംഗിൽ കവിഞ്ഞു ഭൂമിയുണ്ടെങ്കിൽ, ഭൂവുടമയ്ക്കു് സീലിംഗ് പരിധിവരെ ഒഴിപ്പിച്ചെടുക്കാമെന്നായിരുന്ന കുസലക്കറുകമ്മിറ്റി ഇവിടെ കൊണ്ടുവന്ന റിപ്പോർട്ടിൽ ഉണ്ടായിരുന്നതു്. അതുമാറ്റി, അങ്ങനെ ഒഴിപ്പിച്ചെടുക്കുന്ന ഭൂമി 5 ഏക്കറിൽ കവിയാൻപാടില്ല എന്നൊഴുതി പഴയ നിലയിലേക്കു് വീണ്ടും പോയിരിക്കുകയാണു്. സർ, ഇതിനോടു യോജിക്കാൻ നിവൃത്തിയില്ല. സീലിംഗ് വരെ കുടിയാനു് അവകാശം വേണമെന്നു് അംഗീകരിച്ചുകഴിഞ്ഞാൽ, ബാക്കി വരുന്ന ഭൂമി സീലിംഗ് വരെ ഭൂവുടമയ്ക്കു് ഒഴിപ്പിച്ചെടുക്കാൻപാടില്ല എന്നു പറയുന്നതു് നീതീകരിക്കാൻ സാധിക്കാത്ത ഒരു കാര്യമാണു്. ഭൂവുടമയ്ക്കു്, ടെനൻറു കൈവശം വയ്ക്കുന്നിടത്തോളം ഭൂമി കൈവശം വയ്ക്കാനുള്ള അവകാശം നൽകാത്തതു് എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. ഭൂവുടമയ്ക്കു് ഒരുപക്ഷെ, കമ്പൻസേഷൻ കിട്ടുമായിരിക്കാം. അതിനു തരക്കേടില്ല. ഭൂവുടമയായാലും കുടിയാനായാലും ഭൂമി കുറേ കൈവശം വയ്ക്കണമെന്നു് ആഗ്രഹം കാണും. അതിന്റെ അടിസ്ഥാനത്തിൽ ആണു് സീലിംഗ് വരെ കുടിയാനു് കൈവശം വയ്ക്കാമെന്നു് നാം സമ്മതിക്കുന്നതു്. കുടിയാനു് സീലിംഗ് വരെ കൈവശം വയ്ക്കാമെങ്കിൽ; കുടിയാനുണ്ടാകുന്ന ആഗ്രഹം പോലെ ഭൂമി അത്രമാത്രം കൈവശം വയ്ക്കണമെന്നു് ജന്മിക്കും ആഗ്രഹം ഉണ്ടാകാവുന്നതാണു്. കുടിയാനു് അനുവദിക്കപ്പെടുന്ന അവകാശം ജന്മിക്കു നിഷേധിക്കുന്നതു് ശരിയായിരിക്കുകയില്ല. ഇത്രയും ഭൂമി കുടിയാൻ കൃഷിചെയ്യുന്നതുപോലെ, ജന്മിക്കും കൃഷിചെയ്യാൻ ആഗ്രഹമുണ്ടായാൽ, അതിനുള്ള സൗകര്യം അയാൾക്കും നൽകേണ്ടതല്ലേ? അതു് വെറും നീതി മാത്രമായിരിക്കും. ഒരുപക്ഷെ, ആ ഭാഗത്തുനിന്നും പറയുമായിരിക്കും, അങ്ങനെ ഭൂമികൊടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയില്ലാത്തവർക്ക് വിതരണം ചെയ്യാൻ പിന്നെ ഭൂമി കിട്ടുകയില്ലെന്ന്. അങ്ങനെ വിതരണം ചെയ്യാൻ ഭൂമി കിട്ടുകയില്ലെന്നുള്ള അടിസ്ഥാനത്തിൽ, കുടിയാനു നിശ്ചയിച്ചിരിക്കുന്ന പരിധി ഇന്നിക്ക് പാടില്ല എന്നു തീരുമാനിക്കുന്നതു് നീതികരിക്കാവുന്നതാണോ എന്നു് നാം ആലോചിക്കേണ്ടതാണു്. ഇന്നിക്ക മാത്രം 5 ഏക്കർവരെ പാടുള്ളു എന്നു വ്യവസ്ഥചെയ്യുന്നതുകൊണ്ടുമാത്രം വളരെയധികം മിച്ചഭൂമി കിട്ടുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. ബില്ലിലെ എല്ലാ വകുപ്പുകളും നോക്കിക്കഴിഞ്ഞാൽ വിചാരിക്കുന്നതുപോലെ മിച്ചഭൂമി കിട്ടാൻ പോകുന്നില്ല. ആ നിലയ്ക്കു് ഇന്നിയോടു മാത്രം ഇങ്ങനെയൊരു അനീതി കാണിക്കുന്നതു് ശരിയായിരിക്കുകയില്ല. ഒരു പുരനു് ഒരു തരത്തിലുള്ള അവകാശം അംഗീകരിക്കുമ്പോൾ, മറ്റൊരു പുരനു് അതു പാടില്ല എന്നൊരു വിവേചനം കാണിക്കുന്നതു് ശരിയല്ല. അതു് പ്രകടമായ ഒരനീതിയാണു്. രണ്ടു പുരന്മാരെ സംബന്ധിച്ചിടത്തോളം വിവേചനപൂർവ്വകമായ വ്യവസ്ഥ ഒരു നിയമത്തിൽ കൊണ്ടുവരുന്നതു് ഒരിക്കലും ശരിയായ നടപടിയല്ല. സെലക്ട് കമ്മിറ്റിയിൽ വളരെ ചർച്ചചെയ്തതിനുശേഷം അകാമെന്നു വച്ചു് ഈ വകുപ്പിൽ ഇപ്പോൾ മാറ്റം വരുത്തിയതു് ശരിയല്ല; അതു് ആ നിലയിൽത്തന്നെ ഇരിക്കുന്നതായിരിക്കും നല്ലതെന്നാണു് എന്റെ അഭിപ്രായം.

അതിനടുത്തഭേദഗതി, In clause 7 (Amendment No. 8 in list No. 3) in sub-clause (6) (iv), substitute the words "two years' rent", for the words "one year's rent" എന്നാണു്. ഒരു കൊല്ലമെന്നാണു് ബില്ലിൽ എഴുതിയിട്ടുള്ളതു്. മൂന്നുകൊല്ലം വേണമെന്നു ചില ഭേദഗതികളും കൊണ്ടുവന്നിട്ടുണ്ടു്. ഞാൻ പറയുന്നതു് അതു രണ്ടുകൊല്ലമെന്നാക്കണമെന്നാണു്. ഭൂമി കൈവശത്തിൽനിന്നും എന്നന്നേയ്ക്കുമായി പോകുന്നു എന്നുള്ള നിലയിൽ ഒരു സൗജന്യം നൽകുന്നതാണതു്. പൊതുവിൽ ഈ വകുപ്പിൽ പല ഭേദഗതികളും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടുണ്ടു്. നേരത്തേ പല ബഹുമാനപ്പെട്ട മെമ്പറന്മാരും അയച്ചിരുന്ന ഭേദഗതികളെ സ്വീകരിച്ചുകൊണ്ടാണു് ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ഈ അവസരത്തിൽ എന്റെ സ്നേഹിതൻ ശ്രീ. പുലോസു് അവതരിപ്പിച്ച 5-ാം ഉപവകുപ്പിനെപ്പറ്റിയുള്ള ഭേദഗതിയെപ്പറ്റി രണ്ടു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുകയാണു്. അദ്ദേഹത്തിന്റെ ഭേദഗതി മതസ്ഥാപനങ്ങളുടെ കുടിയാന്മാരുടെ കൈവശം സീലിംഗിൽ കൂടുതൽ ഭൂമിയുണ്ടെങ്കിൽ മതസ്ഥാപനങ്ങൾക്കു് 50 ഏക്കർവരെ റെസ്യൂംചെയ്തു് കൈവശം വയ്ക്കുന്നതിനു് അധികാരം കൊടുക്കുന്നതാണു്. ആദ്യം ബിൽ അവതരിപ്പിച്ച അവസരത്തിൽ മതസ്ഥാപനങ്ങളുടെ കീഴിലുള്ള കുടിയാന്മാർക്കു് പർച്ചേസു് റൈറ്റു് കൊടുത്തിരുന്നില്ല. നാം ആ ന്യൂനത ഇപ്പോൾ പരിഹരിച്ചു. അതുകൊണ്ടു് ഈ രാജ്യത്തെ ഒരു നല്ല ശതമാനം കുടിയാന്മാർക്കു് അതിന്റെ ആനുകൂല്യങ്ങൾ കിട്ടും. അങ്ങനെ ആനുകൂല്യം കിട്ടുന്നതുകൊണ്ടു് ആദ്യം ഭയപ്പെട്ടിരുന്നതുപോലെ മതസ്ഥാപനങ്ങൾക്കു് ദ്രോഹം വരുത്തു് എന്ന കുരുതിയാണു്. ഇങ്ങനെയൊരു ഭേദഗതി എന്റെ സ്നേഹിതൻ അവതരിപ്പിച്ചിട്ടുള്ളതു്. കുടിയാന്മാർക്കു് സീലിംഗിൽ കൂടുതൽ ഭൂമി കൈവശമുണ്ടെങ്കിൽ മതസ്ഥാപനങ്ങൾക്കു് കോ ഭൂമി റെസ്യൂം ചെയ്തു് കൈവശം വയ്ക്കാനുള്ള അവകാശം കൊടുക്കണം. മതസ്ഥാപനങ്ങളുടെ ഭൂമിയിൽ മറ്റു ഭൂഉടമസ്ഥന്മാരുടെ ഭൂമിയിലെന്നപോലെ കുടിയാന്മാർക്കു് പർച്ചേസു് റൈറ്റു കൊടുക്കുന്നതുകൊണ്ടു് ഇങ്ങനെയൊരു സൗകര്യം ചെയ്തുകൊടുക്കേണ്ടതു് അത്യാവശ്യമാണെന്നുള്ള അടിസ്ഥാനത്തിലാണു് ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ഈ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു് മതസ്ഥാപനങ്ങളെ ഏതെങ്കിലും തരത്തിൽ ഉപദ്രവിച്ചുവെന്നു് പരാതിയുണ്ടാകുകയില്ല. ഭൂസ്വീതക്കർ വരെ എന്നു പറഞ്ഞാൽ മതസ്ഥാപനങ്ങളും കൃഷിചെയ്യുമോ എന്നൊക്കെ ചോദിക്കുമായിരിക്കാം. നേരിട്ടു കൃഷിചെയ്യേണ്ടാത്ത പല വകുപ്പുകളും ഈ ബില്ലിലുണ്ടു്. മതസ്ഥാപനങ്ങളും നേരിട്ടു കൃഷിചെയ്തില്ലെങ്കിലും ബില്ലിലുള്ള ചില വകുപ്പുകളനുസരിച്ചു് കൃഷിചെയ്യിച്ചു് ആദായം എടുക്കുന്നതിനും അതുകൊണ്ടു് അവയുടെ നിത്യച്ചെലവു നടത്താനും കഴിയുമെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ] :

ക്ഷേത്രങ്ങളോടും ദേവാലയങ്ങളോടും ദ്രോഹം ചെയ്യുവെന്നുള്ള ചിന്ത അവ ക്കണ്ടാകുകയില്ല. ആ നിലയിൽ ഈ വകുപ്പ് ഭേദഗതിചെയ്ത് എല്ലാവർക്കും സ്വീകാര്യമാക്കിത്തീർക്കണമെന്നാണ് ഞാൻ ഈ അവസരത്തിൽ പറയുന്നത്.

Shri T. A. Thommen: Sir, I will first deal with my amendment to delete "the land Comprised in a" in clause 7(i). Of course my amendment may be characterised as technical. I wish to point out that this legislation will come up for scrutiny before courts and we often find, with regard to certain legislations the courts expressing their option that there is loseness of expression, "that the legislation is ill-drafted "etc. So it is necessary that, in the matter of legislation, we should not legislate in haste. If we do so it would become necessary to bring in amendment bills. There are cases of amending legislations in recent times both at the Centre and in the States and we see that much time is being spent on amending the laws because we enact laws in haste.

We have not used the definitions properly in clause 7. My first amendment is that regarding clause 7. (In clause 7 (1) at the begining delete "The land comprised in a") It is not necessary to have this portion. "holding" alone will be sufficient. 'holding' means a parcel or parcels of land held under a single transaction by a tenant from a landlord and shall include any portion of a holding as above defined which the landlord and the tenant have agreed or are bound to treat as a separate holding. Under clause 15 it is defined what a 'holding' means and when we have defined the holding "as a parcel or parcels of land held under a single transaction.....,..etc." It would be sufficient to say 'a holding may be resumed' alone. The words the land comprised 'my be safely.' omitted

Secondly, I have moved that in clause 7 (2) delete "A trustee or owner" and insert "An owner". The clause reads: "A trustee or owner of a place of public religious worship may resume from a tenant of such public religious institution the whole or any portion of the holding.....". So, as it is, there are two entities, one a trustee and the other owner, In the definition clause we have defined the "owner" 2 (34) "owner" means a person entiled to the absolute proprietorship of land and includes (a) a trustee in respect thereof". When it is defined like this I cannot understand why we should have incorprated "a trustee" also here. In my opinion, it is not neeessary to have the word "trustee". When we use the words in a lose manner, it may be that the court may ascribe another meaning to it which we did not have. Therefore my submission is that it is not at all necessary to have the word "trustee" because the word 'owner' includes 'a trustee'.

Then with regard to the amendment to substitute 'landlord' for "land owner" I find that the Minister has included the word "land-owner" instead of "landlord" in clause 11. So I need not talk on that. But I wish to point out that

LIBRARY ARCHIVES Kerala Legislative Assembly

in sub clause (2) as it originally stood the word "required" is found in two places. "A trustee or owner of a place of public religious worship may resume from a tenant of such public religious institution the whole or any portion of the holding when the same is required for the purpose of extending the place of public religious worship and the Collector of the District certifies that the same is so required". The first "required" has been changed to "needed" in the amendment of the Minister. The second "required" used at the end of the clause may also be changed into "needed". I think it would be better.

Smt. K. R. Gouri: There is an amendment to that (in supplementary list No. 4.)

Shri T. A. Thomman: Then I need not speak, on that. I wish to support the amendment moved by Shri E. P. Poulose viz. In clause 7 | (Amendment No. 8 in list No. 3) after sub clause (4) (a) and (b) add as Explanation:

"Explanation: For the purposes of sub-sections (3) and (4) the term 'family' means husband, wife, son, daughter and children if any of a deceased son or daughter and any other person with proprietary interest in a holding".

We have defined 'family' for the purpose of this Act as follows: "family for the purposes of this Act means husband, wife and their unmarried minor children or such of them as exist." So as it stands clause 7 (3) reads: "A landlord may resume from a tenant the holding or any portion of the holding when the same is needed bona fide for the purpose of constructing a building for the residence of himself or of any member of his family". He can resume the property when it is needed for the purpose of constructing a building for the residence of his wife and his unmarried minor children. I think Sir, only in rare cases husbands and wives will like to live apart. Ordinarily they would like to live together. There was a time when husbands used to construct separate residences for their wives' and vice versa. Now, husband and wife live under the same roof so that ordinarily there will be no necessity for the husband to construct a building for the residence of his wife and also for his unmarried minor children. Ordinarily a man would not allow the minor children to live separately. On the other hand he always wishes to live with his wife and children. So, it would be better that the definition proposed by Mr. Poulose for the word 'family' be accepted. Now, Sir, I am a Christian. Under the Christian Succession Act, it is only on my death that my son or daughter is entitled to my property. My son and daughter have absolutely no proprietary interest in any of my properties. So, if I want to construct a residential house for my son or daughter, I cannot resume any land because, as the clause now stands, if my son or daughter has become a major, he or she will not come under the designation 'family'. There will be that difficulty. Again, in the case of Marumakkathayam tharawad also, where, the junior members have attained majority, it will not be possible for the karanavan

LIBRARY ARCHIVES Kerala Legislative Assembly

[Shri T. A. Thomman]

to resume land from a tenant for the construction of a building for the major junior members, because the junior members cannot be members of the family as the definition now stands. In this connection I wish to bring to the notice of this House a provision in the Malabar Tenancy Act. Section 23 (6) therein reads thus :

A suit for eviction lie on the following ground :—
"that the landlord needs the holding or part thereof bona fide for purposes of constucting a building for his own residence or for that of any member of his Tarawad, Tavazhi illom, Kutumba Karanvaru or a family" So, in the Malabar area at present there is no difficulty for the Christians and the Marumakkathayom tharwads to resume lands for the construction of residences for the junior members of the family. But if we are to adopt this provision as it is, we are taking away that right which has been conferred on the landowners of Malabar for resumption of properties for constructing residences. That will be causing great hardship. That is why I am supporting the amendment of Shri Poulose.

Again, Sir, I wish to bring to the notice of the Minister the anomaly in the proviso to sub-clause (3) of Clause 7. The anomaly is this. Proviso (b) reads :

"the total extent of land that may be resumed from the holding (i) by one landlord shall not exceed 20 cents and (ii) by two or more joint or co-landlords shall not exceed 50 cents". So one landlord can resume land not exceeding 20 cents, but two landlords can resume up to 50 cents. It would then be better that two landlords join together and resume land. I think the intention would be that two persons applying together should not be given lands more than two persons applying individually.

Then what is stated in sub clause 5 (iii) "Notwithstanding anything contained in sub-sections (3) and (4) (b), no land from a tenant who belongs to the Scheduled Castes or Scheduled Tribes shall be resumed under the said sub-sections by a landlord."

The provision is good. But we have to view the matter from this angle also. Suppose the tenant transfers his rights to a member of the Scheduled Caste or Scheduled Tribe. One will be able to defeat the provisions of resumption by such transfers. Whenever the landlord wants to resume land, a scheming tenant may assign his interests to a member of a scheduled Caste or tribe. By this provision, he can defeat resumption. So I would suggest that the following be added to the proviso at the end, which I think would serve the purpose.

"provided that the tenant was in possession of the land on the 18th December 1957 and continued as such at the commencement of this Act."

LIBRARY ARCHIVES Kerala Legislative Assembly

Unless and until some such provision is added to the clause, the purpose of this provision for resumption is likely to be defeated, by scheming tenants. The other day to a question put by Shri P. S. Karthikeyan on the floor of the House, we heard that quite a large number of transfers and alienations have taken place after 18th December 1957 What does it show? Moreover, we know Sir, that our people are clever to evade the provisions of law. As we enact they will try to evade the law. So, unless and until some saving clause is provided, much difficulty will arise.

Sir, I would also wish to support the amendment of Shri Poulose, to the effect that instead of the Land Tribunal, it must be to the Court that the application for resumption of land to be made. Sir it is theoretically good to have such Land Tribunals for the disposal of these judicial functions. But let us take facts as they are, as they exist today. As far as Kerala is concerned, we are all too much of politicians. The Land Tribunal will consist of two members elected from Panchayat members and an advocate of three years' standing. We know, Sir, most of us or at least some of us who have been practising in Courts —that Commission orders are being issued from the Court to advocates and to others and from our practical experience can we say that the judicial functions entrusted to these Commission are being discharged properly? I doubt very much. Shri Chandrasekharan Nair is looking this side. But I am sure he will fully agree with me that all's not well with our commissions. Of course, they are all advocates and experienced clerks of the Courts. The Minister for Revenue also knows what is the practice in Courts. An intelligent Commission can manipulate things and can do great havoc.

Again Sir, we have to recognise one factor, with regard to our national character because all those who have experience of courts very well know that there are only very few people who speak the truth. That has been my experience. We find that when witnesses are cited, perjury is taking place in a very great magnitude in almost all the courts of the land. That apart, what I want to stress upon this House is that it would be very unsafe during these days to entrust judicial functions to a Land Tribunal consisting of elected members of the Panchayats and an advocate of three years' standing. We are surcharged with politics. Every Panchayat member is surcharged with politics. I am sure that there will be influence of political considerations in the matter of discharging their judicial functions. We know that it is the principle of democracy that the members of the party in power or the party itself should not interfere in the day to day administration of the State. But we find, Sir, that even Ministers are interfering in the day to day administration of the State. I don't wish to elaborate on that, but still I do wish to emphasise that as everything now is surcharged so much with politics it will not be safe to entrust the judicial functions of the State to a tribunal consisting of inexperienced men. Even under Civil Courts Act, summary powers and small

LIBRARY ARCHIVES Kerala Legislative Assembly

[Shri T. A. Thomman]

cause powers are given to Munsiffs in certain cases. But here very large powers are given to the Land Tribunal. And, under the provisions of the Panchayat Act, it is not necessary, Sir, that members of the Panchayat should be literate. Even illiterate persons are elected to Panchayats and they will not be in a position to interpret law or the documents in a judicial way. We find from our experience in courts, we are having documents of various kinds and the land tenures in Kerala are so complicated that it will require a very high judicial sense and knowledge of law to discharge the functions of a Land Tribunal. So I would stress that instead of creating Land Tribunals the power be conferred on courts as moved by Mr. Poulose. With these observations, I would request the Minister to consider the amendments that I have moved in their proper perspective.

Shri E. P. Poulose: I have moved my amendments to the amended clause moved by the Minister. The first of my amendments is to this effect. In clause 7 (Amendment No. 8 in list No. 3) in subclause (4) delete (a) and (b) and substitute the following:—

"(4) A landlord requiring the holding bona fide for cultivation by him or any member of his family may resume from the tenant a portion not exceeding one half in extent of the holding, so however, as not to reduce the extent of land in the possession of the tenant below one acre of double crop nilam or its equivalent nor to raise the extent of land in the possession of the landlord or such member of his family above five acres of double crop nilam or its equivalent."

In the first place I see no reason at this stage when we consider the question of resumption why we should make a distinction between varomdars and other kinds of tenants. Sir, if at all we are to make any distinction between a varomdar and other kinds of lessees it was at the stage of deciding conditions and circumstances in which we may be conferring fixity of tenure. After having decided the terms and conditions on which they will be conferred fixity of tenure, to make a distinction between one class of tenants entitled to fixity of tenure and another class is unnecessary and discriminatory. To avoid this distinction I have moved an amendment to delete sub clauses (a) and (b). If these two sub clauses are omitted and a common provision substituted that will avoid discrimination. That is the first consideration for moving this amendment.

Sir, after carefully reading this sub-clause, I tried my level best to find out at least one landlord to whom these conditions may apply and in whose case this clause will operate in determining resumption. But I was not able to find out one. In certain areas there are no self-cultivating landlords. In such cases landlords owning extensive areas lease out their lands to lessees who may possess 15 acres of double crop nilam. I am

LIBRARY ARCHIVES Kerala Legislative Assembly

sure these cases will be less than one per cent. Unless we are prepared to substantially alter sub-clause (i) these conditions will never have to be applied or if applied only to an infinitely small percentage of tenants. In the first place for treating the landlord and the tenant on equal footing in all the consideration of the possession of land, I have suggested that the landlord may resume only "a portion of land not exceeding one half in extent of the holding, so however as not to reduce the extent of land in the possession of the tenant below one acre of double crop nilam." I am sure this safeguard will save 75 to 80 per cent of the tenants at least in areas where the conditions of tenancy are familiar to me.

Now regarding my next amendments, the purport of the amendment has been explained by Mr. Thomman, and I support his suggestions. Originally, the Minister for Revenue adopted a particular definition for "family" for the purpose of this clause different from the definition adopted for the purpose of this Act, that is to include not only minor children but also major children. In effect my amendment includes also major children for the purpose of self-cultivation. Now, a family which holds 3 acres may not have anything at all left for the major members. In such cases the major member who wants to live separately may be helped by exercising this right if we adopt a wider definition as I have suggested. Either for erecting buildings or for self-cultivation the major children will have no difficulty.

In my amendment I have given a wider definition of 'family', because the definition adopted in the Bill will hardly be suitable to the provision in this clause, Further, it will go against Christains, Muslims and others in whose cases when the father is alive, the sons and daughters will not get proprietary rights in the family property.

So the Minister feels that this new definition is not necessary. I do not think that is correct. This definition will also have to be there.

My amendment to sub-clause (5) (ii) has been explained at some length by my friend Mr. K.K. Viswanathan when he moved his amendment. The suggestion is that in the case of trustees of religious and charitable institutions, they may be permitted to resume lands up to 50 acres provided the tenants hold more than the ceiling area. I think there is no harm in adopting that suggestion. It is only in cases where the tenants hold more than the ceiling area that the provisions of this clause will be attracted. The result will be that instead of the tenant surrendering the excess area to the Government he will be surrendering it to the owners or trustees of religious or charitable institutions. I think there will be no harm in it. It will meet the claims of owners of charitable institutions in possessing sufficient lands for their day to day needs.

LIBRARY ARCHIVES Kerala Legislative Assembly

[Shri E. P. Poulose]

My Amendment to (5) (ii) is a new one. This is to give special concessions to scheduled castes and scheduled tribes. I am not at all against conferring any special rights and concessions to the scheduled castes and tribes. But the difficulty is that in doing so we will change the whole spirit of the provision that we have already adopted. Let us take the case of resumption under sub-clause 4 (a). Under that the landlord who has not lands more than 5 acres can resume from the possession of the tenant lands in excess of the ceiling area. If a particular member of the scheduled caste or tribe possesses 20 acres of double crop land, instead of surrendering the 5 acres to the needy landlord, he will be compelled to surrender that land to the Government. Why should that be done, Sir? My amendment is as follows.

"Notwithstanding anything contained in sub-section (4) (b) no land from a tenant who belongs to the scheduled caste or scheduled tribe shall be resumed under the said sub-section by a landlord so as to reduce the extent of land in the possession of the tenant to less than 25 cents." According to the provision in the clause, even if the landlord possesses only one acre, if the tenant happens to belong to the scheduled tribe or caste, he will have to surrender the excess land to the Government and not to the landlord. Even if we are to give some special protection to scheduled castes and tribes this sub-clause will have to be re-cast and suitable amendments made. My Amendment will serve to remove the hardship that is suggested by sub-clause (3).

My next amendment. It has been suggested by Mr. K. K. Viswanathan that instead of one year the period of resumption may be extended to two years. Others have suggested the period to three years. It is an important provision. The general feeling in the State is that the period of one year will be insufficient. It has to be extended to two years or three years. There will be no harm in extending the period to three years as I have suggested.

In regard to my next amendment my friend Mr. T. A. Thomman was speaking at length the grounds on which this amendment may be adopted. There are very many provisions in this Bill which might have to be dealt with in a summary manner. Land Tribunals would deal with only a small number of cases in a small area. If you leave the question of deciding the right to exercise resumption to these bodies, again on grounds which we have on previous occasions explained, it will be allowing a certain amount of arbitrariness and favouritism or political consideration to come in. This has to be decided on a purely judicial basis. It will enable the Tribunal to show a great amount of favouritism and it may be inclined to help one party. Arguments have been advanced to prove

LIBRARY ARCHIVES Kerala Legislative Assembly

that. But whether it has been convincing or not I cannot say. In any case the right of resumption may be invested on a judicial authority and not on an elected body like the Land Tribunal.

The next Amendments is more or less the same. The clause has been drafted and re-drafted. I suggest that the Minister may still exercise her mind on this point and decide whether it will not be advisable to make some changes to remove the hardships that we have suggested and the anomalies to which reference has been made in the course of the speeches. I hope there will be no harm in further amending Clause 7 to meet these points.

ശ്രീ. ആർ. രാഘവമേനോൻ : എന്റെ ഭേദഗതി ഈ വകുപ്പ് 7, (4)-ം ഉപവകുപ്പിനാണ് പ്രധാനമായിട്ട്. ആ വകുപ്പിൽ സെലക്ട് കമ്മിറ്റി തീർച്ചയാക്കിയതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിപ്രകാരം ചില മാറ്റങ്ങളും കൂടി ഉണ്ടാക്കിയിട്ടുണ്ട്. ഞാൻ സ്പീക്കർ അവർകളുടെ സമ്മതത്തോടുകൂടി ഒരു പുതിയ ഭേദഗതി കൊണ്ടുവന്നിരിക്കയാണ്. നാം ഈ വകകാര്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ പ്രയോജനകരമായിരിക്കണം. അതാണ് ഞാനിതിനെപ്പറ്റിയെല്ലാം എപ്പോഴും പറയാറുള്ളത്. ഈ വകകാര്യങ്ങളെപ്പറ്റി ഞാൻ വളരെ ശ്രദ്ധിച്ചു മുമ്പ് പറയാറുണ്ട്. പറഞ്ഞു ക്ഷീണിക്കാറുണ്ട്. ഇതിനെപ്പറ്റി പറയുമ്പോൾ ഇക്കാര്യത്തിൽ ഒരു നല്ല പേരല്ല എനിക്കുള്ളതെന്നും തോന്നിയിട്ടുണ്ട്. അതുകൊണ്ട് ഇനിയും ഇതിനെപ്പറ്റി വളരെ പറഞ്ഞിട്ട് പ്രയോജനമില്ലെന്നറിയാം. എങ്കിലും പറയുകയാണ്. നാം ഈ നിയമമൊക്കെ ഉണ്ടാക്കുമ്പോൾ ഒരു കാര്യം ഓർക്കണം. ഇവിടെ ഭക്ഷ്യക്ഷാമമുണ്ട്. അതുകൊണ്ട് വിളവ് ഇൻസ്റ്റിയാകണം. നമുക്കാവശ്യമുള്ളതിന്റെ പകുതിക്കുടി നമ്മുടെ സ്റ്റോറിൽ ഇല്ല. അതു കൂടുതലുണ്ടാക്കാൻ വല്ലതും കഴിവുണ്ടോ ? കുടിയാനു സ്ഥിരാവകാശം കിട്ടാത്തതുകൊണ്ടായിരിക്കുമോ ? എന്നാൽ ഈ രാജ്യത്തു് അവർക്ക് ഉടമസ്ഥാവകാശം കൊടുക്കുക. ചിലപ്പിക്കിൽ ഉടമസ്ഥാവകാശമില്ല. സ്ഥിരാവകാശം കൊടുത്താൽ പണി അഭിവൃദ്ധിയിൽ നടക്കുമെന്നാണ് പറയുന്നതു്. കേന്ദ്രഗവണ്മെന്റും കൃഷിക്കാരെ വളരെ ഉത്സാഹപ്പെടുത്തുന്നുണ്ട്. ഭൂമിക്കുള്ള ഉടമസ്ഥാവകാശത്തിനു ഒരു പരിധി വേണം; അതിനു നാം ബില്ലും കൊണ്ടുവന്നിട്ടുണ്ട്. വേണ്ടതാണ്. പക്ഷെ അങ്ങനെ ചെയ്യുന്നതുകൊണ്ട് ഗുണത്തേക്കാളും അധികം ദോഷമാണെങ്കിൽ അങ്ങനെ ചെയ്യാൻ പാടില്ല. ഏതു കാര്യം ചെയ്യുകയാണെങ്കിലും രാജ്യത്തിൽ ഒരു വിഭാഗക്കാർക്ക് വലിയ ദോഷം വരികയും ഒരു വിഭാഗക്കാർക്കു മാത്രം ഗുണം വരികയും ചെയ്യുന്ന വിധത്തിൽ ചെയ്യരുതു്. പൊതുവിൽ രാജ്യത്തിനു ഗുണകരമാകയും രണ്ടു കൂട്ടർക്കും ഗുണദോഷങ്ങൾ തുല്യമായിരിക്കുകയും ചെയ്യുന്നെങ്കിൽ തരക്കേടില്ല. അല്ലാതെ ഒരു വിഭാഗക്കാരെ മുഴുവൻ ദോഷപ്പെടുത്തിയേ അതു ചെയ്യാൻ സാധിക്കുകയുള്ളുവെങ്കിൽ അതു ചെയ്യാൻ പാടില്ല. ചെറുകിടഭൂമിഉടമസ്ഥന്മാരല്ലാത്ത ഉടമസ്ഥന്മാരെ ഒഴിപ്പിക്കാം. അതിന്റെ ഫലമെന്തായിരിക്കും. ഈ ബില്ലിന്റെ മൊത്തത്തിലുള്ള ഫലം ഇപ്പോൾ വിചാരിച്ചുപോലെ പാസ്സാക്കുകയാണെങ്കിൽ—ഭേദഗതി കൂടാതെ പാസ്സാക്കുകയാണെങ്കിൽ തീർച്ചയായും ഭൂമി ഉടമസ്ഥന്മാർ ഒന്നുമില്ലാതെകണ്ട് തെണ്ടികളായി അവരും അവരുടെ കുടുംബക്കാരും ഏതു രാജ്യത്തെങ്കിലും പോകേണ്ടിവരും.

ശ്രീ. എൻ. ഇ. ബലറാം : ഏതു ഭേദഗതിയെസംബന്ധിച്ചാണ് സംസാരിക്കുന്നതു് ?

ശ്രീ. ആർ. രാഘവമേനോൻ : സബ് ക്ലാസ് 7-ചെറുകിട ഉടമസ്ഥന്മാരെപ്പറ്റിയാണ്. ചോദിച്ചുകൊള്ളാം. അതെനിക്കു സന്തോഷമാണ്. കുടിയാന്മാർക്ക് സ്ഥിരാവകാശം കൊടുക്കണമെന്നു പറയുന്നു. കുടിയാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. രാഘവമേനോൻ]:

നമുക്ക് കൊടുക്കുന്ന എല്ലാ അവകാശങ്ങളും പാവപ്പെട്ട ചെറുകിട ഭൂവുടമകൾക്കും നൽകേണ്ടതാണ്. ഒരു നിയമം നിർമ്മിക്കുമ്പോൾ നാം പ്രധാനമായി ചില തത്വങ്ങൾ ദീക്ഷിക്കേണ്ടതുണ്ട്. കുടിയാന്മാരെയും, ഭൂവുടമകളെയും സംരക്ഷിക്കാനുള്ള വ്യവസ്ഥകൾ അതിൽ ഉണ്ടായിരിക്കണം. അതല്ലാതെ, കുടിയാന്മാർക്കുമാത്രം ഗുണം ചെയ്യുക, ഭൂവുടമകൾക്കു ഒന്നും ചെയ്യാതിരിക്കുക എന്ന നയം സ്വീകരിക്കുന്നതു ശരിയായിരിക്കുകയില്ല. പൊതുവെ രാജ്യക്ഷേമകരമായി ഒരു നിയമം കൊണ്ടുവരുമ്പോൾ തീർച്ചയായിട്ടും ചിലർക്കു ചിലപ്പോൾ കഴപ്പുണ്ടാകുമെന്നു വരും. അതു മനസ്സിലാക്കാം. എന്നാൽ, ഒരു വിഭാഗത്തിനുമാത്രം ഗുണം ചെയ്യുകയും, മറ്റൊരു വിഭാഗത്തെ അവഗണിക്കുകയും ചെയ്യുന്ന നിയമം നാം അംഗീകരിക്കുന്നതു് ന്യായീകരിക്കാവുന്നതല്ല. കുടിയാനെയും, ജന്മിയേയും സഹായിക്കണം. ഇരുകൂട്ടർക്കും ആവശ്യമായ സംരക്ഷണം നൽകണം. അതായിരിക്കണം നാം സ്വീകരിക്കേണ്ടതെതാവം. ഈ കാര്യത്തിൽ വലിയ രാഷ്ട്രീയമൊന്നും പറയേണ്ട കാര്യമില്ല; ഞാൻ അതിലേക്കു കടക്കുന്നുമില്ല. ഇങ്ങനെ ഒരു നിയമം ഇവിടെ പാസ്സാക്കിയാൽ ഈ രാജ്യത്തെ ചെറുഭൂവുടമകളെ യാതൊരു ഗതിയുമില്ലാതെ നശിക്കുകയായിരിക്കും ഫലം. ഈ കാര്യം ഞാൻ മുമ്പു് പറഞ്ഞിട്ടുള്ളതാണ്. എങ്കിലും ഈയവസരത്തിൽ പറയാതെ മിണ്ടാതിരിക്കാൻ മനസ്സു് അനുവദിക്കുന്നില്ല. ഏഴാം വകുപ്പിൽ അദ്യം എഴുതിച്ചേർത്തിട്ടുള്ള ഉപവകുപ്പു് 4-(2) എ-യും, ബി-യും എടുത്തുകളഞ്ഞിട്ടു് അതിനു പകരം എന്റെ ഭേദഗതി ചേർക്കണമെന്നാണു് ഞാൻ പറയുന്നതു്. എന്റെ 412-ാമത്തെ ഭേദഗതി . . . .

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ 412-ാമത്തെ ഭേദഗതി മൂവു ചെയ്തിട്ടില്ല: അതു സമയത്തു് വിളിച്ചപ്പോൾ അദ്ദേഹം ഹാജരില്ലായിരുന്നു; 413-ാമത്തെ ഭേദഗതി മാത്രമേ അവതരിപ്പിച്ചിട്ടുള്ളു.

ശ്രീ. ആർ. രാഘവമേനോൻ: അങ്ങനെയാണെങ്കിൽ, 413-ാമത്തെ ഭേദഗതി അവതരിപ്പിക്കുകയാണു്. സർ, ഞാൻ ആദ്യം പറഞ്ഞതുപോലെ സെലക്ട് കമ്മിറ്റിയിൽ തീരുമാനിച്ചതു്, ഒരു കുടിയാനു് കൈവശപരിധിയിൽ അധികം ഭൂമിയുണ്ടെങ്കിൽ, അതു പരിധിയോളം ഭൂവുടമയ്ക്കു ഒഴിപ്പിക്കാമെന്നായിരുന്നു. അതു ശരിയുമായിരുന്നു. അതു് ഇപ്പോൾ മാറ്റം വരുത്തിയിരിക്കുകയാണു്. ഇപ്പോൾ മന്ത്രിയുടെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു്. "A landlord requiring the holding bona fide for cultivation by him or by any member of his family may resume from the tenant having in his possession land in excess of the ceiling area the whole or any portion of the holding so as not to reduce the extent of the land in the possession of the tenant below the ceiling area, nor to raise the extent of the land in the possession of the landlord above 5 acres of double crop nilom or its equivalent." എന്നാണു്. അതു ശരിയായിട്ടുള്ളതല്ല. അദ്യത്തെ തീരുമാനം ശരിയായിരുന്നു. പരിധിയിൽ അധികം ഉള്ളതു് കുടിയാന്റെ കയ്യിൽനിന്നും എടുത്തു്, പരിധിയോളം ഭൂവുടമയ്ക്കു് കൈവശം വയ്ക്കാമെന്നുള്ളതു് ഭേദപ്പെടുത്തി, ഭൂവുടമയ്ക്കു് സ്വന്തം കൃഷി നടത്താനായാലും 5 ഏക്കറിൽ കൂടുതൽ ഒഴിപ്പിക്കാൻ പാടില്ലെന്ന വ്യവസ്ഥ ചെയ്യുന്നതു് എന്തു തത്വത്തിന്റെ അടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. 5 ഏക്കർ മാത്രമേ ഭൂവുടമയ്ക്കു ഒഴിപ്പിച്ചെടുക്കാൻ പാടുള്ളു. ഒരു ഭൂവുടമയ്ക്കു പല കുടിയാന്മാരുടെ കൈവശത്തിലായി ഭൂമിയുണ്ടായാൽ, ആ കുടിയാന്മാർക്കു 15 ഏക്കറിൽ താഴെ മാത്രമേ ഭൂമി കൈവശമുള്ളു എങ്കിൽ, പാവപ്പെട്ട ജന്മിക്കു ഒന്നും കിട്ടാൻ പോകുന്നില്ല. അങ്ങനെ ഒരു അവസ്ഥയിൽ എത്തുന്ന ഭൂവുടമയ്ക്കു് സംരക്ഷ കൊടുക്കേണ്ടതല്ലേ? ഈ നിയമത്തിന്റെതന്നെ ഉദ്ദേശം ഭൂമിയില്ലാത്തവർക്കു് ഭൂമി വിതരണം ചെയ്യുകയെന്നാണു്. മുൻപു പല കാരണവശാലും പാവ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെ കൃഷി ചെയ്യാൻ ഏല്പിച്ച ഭൂമി ഇപ്പോൾ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തം കൃഷിക്കുപോലും ഒഴിപ്പിച്ചെടുക്കാൻ സാധിക്കാത്ത ഒരു നിലവരികയും അങ്ങനെ ഭൂമിയുടെ അവകാശം ഇല്ലാതാകുകയും ചെയ്യുന്ന ഒരു സങ്കടകരമായ അവസ്ഥയാണു ചില ഭൂവുടമകൾക്കുണ്ടാകുന്നതു്. ബഹുമാനപ്പെട്ട മന്ത്രി പറയും, അങ്ങനെയായാൽ പിന്നെ ഭൂമി വിതരണം ചെയ്യാൻ കിട്ടുകയില്ലെന്നു്. അതു ശരിയല്ല. ഈ നിയമംമൂലം പല ബുദ്ധിമുട്ടുകളും ഉണ്ടാകും. എങ്ങനെയെങ്കിലും ഒരു ഭേദഗതിയെങ്കിലും ഉണ്ടാക്കുകയല്ല വേണ്ടതു്, അതുമൂലം എല്ലാവർക്കും ഗുണമുണ്ടാകണം. കുടിയാന്മാർക്കു സ്ഥിരാവകാശവും, പരിധിവരെയുള്ള ഭൂമി കൈവശംവയ്ക്കാനുള്ള അവകാശവും കൊടുക്കുകയും, ഭൂവുടമകൾക്കു അതുപോലെ അനുകൂല്യങ്ങളും നൽകാതിരിക്കുകയും ചെയ്യുന്ന ഒരു ഭേദഗതിയെങ്കിലും ഉണ്ടാക്കുന്നതു ശരിയല്ല. മുൻപു് പാവപ്പെട്ട കർഷകർക്കുവേണ്ടി പാട്ടത്തിനായാലും മറ്റു അനുകൂല്യങ്ങൾകൊണ്ടായാലും കൃഷി ചെയ്യാൻ ഭൂമി കൊടുത്ത ചെറുഭൂവുടമകളെ ഇന്നു ശിക്ഷിക്കുന്നതിനു തുല്യമാണു് ഈ വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നതു്. കുടിയാന്മാർക്കു നൽകുന്ന എല്ലാ അനുകൂല്യങ്ങളും ഭൂവുടമകൾക്കും കൊടുക്കണം. മലബാറിലും കൊച്ചിയിലും കുടിയാന്മാർക്കു് ഭൂമിയിൽ സ്ഥിരാവകാശം കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. തിരുവിതാംകൂറിലും ചില ഭൂമിയെസംബന്ധിച്ചിടത്തോളം ഇന്നു സ്ഥിരാവകാശം നൽകിയിട്ടുണ്ടു്. ഈ നിയമംകൊണ്ടു് ചിലർക്കു ഗുണം ഉണ്ടാകുകയും, പാവപ്പെട്ട ഭൂവുടമകൾക്കു ദോഷം നേരിടുകയുംചെയ്യുന്നതു ശരിയല്ലെന്നാണു് എന്റെ അഭിപ്രായം. യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവർക്കു ഭൂമികൊടുക്കണമെന്ന ഒരു വാദം ഇവിടെ ഉന്നയിക്കുകപതിവാണു്. ആരാണു് യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവർ? അധികം ആളുകളും മറ്റുള്ളവരെക്കൊണ്ടു് ജോലി ചെയ്യിക്കുകയായിരിക്കും. പാടത്തു വരമ്പത്തുംമറ്റും ചെന്നിരിക്കുകയല്ലാതെ, തൂമ്പയെടുത്തു കിളയ്ക്കുന്നും മറ്റും അധികമാളുകളും തയാറാകുന്നില്ല. മിക്കവാറും ആളുകൾ ക്രൂലിക്കാരെക്കൊണ്ടു കൃഷിപ്പണിനടത്തുകയാണു പതിവു്. ഒരു സൂപ്പർവിഷൻമാത്രമേ അവർ നടത്തുന്നുള്ളു. ഞാൻ പാടത്തുപോയാൽ ചില കൃഷിപ്പണി ചെയ്യുന്നവരും. എനിക്കു അതിനു പരിചയമുണ്ടു്. എല്ലാവരെക്കൊണ്ടും അതു സാധിക്കുകയില്ല. അപ്പോൾ യഥാർത്ഥത്തിൽ കൃഷി ചെയ്യുന്നവർക്കു ഭൂമി കൊടുക്കുക എന്നു പറഞ്ഞാൽ അതു തത്വത്തിൽ ശരിയാകണമെന്നില്ല. സാധാരണ ഒരു കുടുംബത്തിൽ ഒന്നോ, രണ്ടോ ആളുകൾ കൃഷി നടത്തുന്നവർ ആയിരിക്കും. അധികം വീടുകളിലും കൂലിക്കാരെക്കൊണ്ടാണു് കൃഷി നടത്തിക്കുന്നതു്. സർ, ഏതായാലും ഇങ്ങനെ കുടിയാനും ഭൂവുടമയ്ക്കും പ്രത്യേക പരിഗണന പാടില്ലെന്നാണു് എന്റെ ഭേദഗതി. എന്റെ ഭേദഗതി 412 അവതരിപ്പിച്ചില്ലെന്നാണു് പറയുന്നതു്. വേണ്ടാ, 413 മതി. അതിൽ പറയുന്നതു്:

"A landowner requiring holding bona fide for cultivation by him or by any member of his family who has a proprietary interest therein, may resume lands up to the ceiling area from his tenant or tenants provided that no tenant is evicted from more than half of his holding:

Provided also that the landlord shall be liable to pay the value of his improvements."

എന്നാണു്. ഒരു ഭൂവുടമയ്ക്കു് അയാളുടെ കുടുംബം കൃഷിനടത്തുന്ന കുടുംബമാണെന്നു ഉത്തമവിശ്വാസമുണ്ടെങ്കിൽ പരിധിവരെ ഭൂമി, അതായതു് പതിനഞ്ചേക്കർ ഇരുപ്പൂ നിലമോ, അതിനു തുല്യമായ മറ്റിനം ഭൂമിയോ കൊടുക്കുന്നുള്ളു.

"may resume lands up to the ceiling area from his tenant or tenants provided that no tenant is evicted from more than half of his holding"

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. രാഘവമേനോൻ]

ഒരു ഭൂവുടമയുടെ ഭൂമി രണ്ടോ, മൂന്നോ കുടിയാന്മാരുടെ കയ്യിലാണെങ്കിൽ, അവരുടെ കയ്യിൽനിന്നും പകുതി വീതം ഭൂമി തിരിയെ എടുക്കാനുള്ള അവകാശം നൽകണമെന്നാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. ഇതിലധികം മര്യാദയായിട്ട് ഒരു വ്യവസ്ഥ ഇതിൽ ചേർക്കാൻ പ്രയാസമാണെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഭൂവുടമകൾക്കു് ഉണ്ടാകാൻപോകുന്ന ഭവിഷ്യത്തുകൾ ഓർത്തിട്ടാണ് ഇങ്ങനെയൊരു നിർദ്ദേശം കൊണ്ടുവരുന്നത്. ഇപ്പോൾ എല്ലാവർക്കും സ്ഥിരാവകാശം കൊടുത്തിരിക്കുകയാണ്. ഇതിനേക്കാൾ നല്ല വ്യവസ്ഥ ചെയ്യാമല്ലോ. ആരും പാട്ടം കൊടുക്കേണ്ട, പാട്ടഖാക്കി ഉണ്ടായാൽ ഒരിക്കലും ഒഴിപ്പിക്കാൻ പാടില്ല എന്നൊരു നിയമം എഴുതിവച്ചാൽ എല്ലാവർക്കും സന്തോഷമാകും. അങ്ങനെ നിയമം ഉണ്ടാക്കുന്നവർക്ക് സ്വർഗ്ഗത്തു പോവുകയും ചെയ്യാം. ഞാൻ ഇതെല്ലാം പറയുന്നത് ഇന്നത്തെ സ്ഥിതി മനസ്സിലാക്കിക്കൊണ്ടാണ്. ഇന്നു മലബാറിൽ ഉള്ളത് മുരുങ്ങിയ പാട്ടമാണ്. ഒരു കൊല്ലത്തെ പാട്ടം കെട്ടിവച്ചാൽ പിന്നെ ഒഴിപ്പിക്കേണ്ടാ അല്ലെങ്കിൽ 5 ശതമാനം പാട്ടം കൊടുത്താൽ പിന്നെ ഭൂമി സ്വന്തമാകും എന്നിങ്ങനെ ചില വ്യവസ്ഥകൾ ഉണ്ടാക്കിവച്ചാൽ എന്താണു ചെയ്യുക? ഭൂമി എടുത്താൽ അതിനു ശരിയായ വില കൊടുക്കുകയില്ല. അങ്ങനെ ചെയ്തിരുന്നെങ്കിൽ വിററിട്ട് എവിടെയെങ്കിലും പോയി അല്ലേകാം ജീവിക്കുമായിരുന്നു. ഭൂമി എല്ലാവർക്കും അത്യാവശ്യമുള്ളതാണ്. ഭൂമിയെ ഭൂമിദേവി എന്നാരാധിക്കുന്നവരുണ്ട്. പലരും ഇന്നും ഓരോ വയലിന്റെ വരമ്പത്തു ചെന്ന് തൊട്ടു നെറ്റിക്കു വയ്ക്കുന്നതു കാണാം. എന്റെ സ്നേഹിതൻ ശ്രീ. ടി. സി. നാരായണൻ നമ്പ്യാർക്കും അതു അറിവുള്ളതാണ്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: സ്വന്തം ഭൂമിയില്ലാത്തവർ മറ്റുള്ളവരുടെ ഭൂമി തൊട്ടു നെറ്റിക്കു വയ്ക്കും, ഭൂമിയോടുള്ള ആത്തികൊണ്ട്.

ശ്രീ. ആർ. രാഘവമേനോൻ: അങ്ങനെ എല്ലാവർക്കും ഇഷ്ടമുള്ളതാണ് ഭൂമി. അതു ചിലർക്കു മാത്രം വീതിച്ചുകൊടുക്കുകയും, മറ്റു ചിലരോടു് വിവേചനം കാണിക്കുകയും ചെയ്യുന്ന രീതിയിലുള്ള നിയമം ഉണ്ടാക്കരുതെന്നാണ് ഞാൻ പറയുന്നത്. പതിനഞ്ചേക്കർവരെ പരിധി നിശ്ചയിച്ചിരിക്കുകയാണ്; അതു് ശരിയോ തെറ്റോ എന്നുള്ളതു് ഇരിക്കട്ടെ.

ശ്രീ. ഇ. പി. ഗോപാലൻ: ലാൻഡ് ടാക്സ് അടയ്ക്കുന്നതു് അയാളുടെ വീട്ടിലുള്ള ഓരോ മെമ്പർക്കും മേജർക്കും, മൈനർക്കും 15 ഏക്കർ വീതം വേണമെന്നാണോ?

ശ്രീ. ആർ. രാഘവമേനോൻ: അങ്ങനെയല്ല; മര്യാദയനുസരിച്ചു ചെയ്താൽ മതി. 15 ഏക്കർവരെ പരിധിവച്ചിട്ടുള്ളു. അതുമാത്രം ഭൂമിയുള്ളൂ രണ്ടോ, മൂന്നോ കുടിയാന്മാരുടെ കയ്യിൽനിന്നും, ആകെ ഏക്കർ വീതം ഇരിക്കുകയാണെങ്കിൽ, അവർ കൈവശം വച്ചിട്ടുള്ള ഭൂമിയുടെ പകുതി ഭൂവുടമയ്ക്കു് ഒഴിപ്പിക്കാനുള്ള അവകാശം നൽകണമെന്നാണ് ഞാൻ പറയുന്നത്. ഒരാളിന്റെ കൈവശം അഞ്ചേക്കർ ഭൂമിയുണ്ടെങ്കിൽ, അയാൾ രണ്ടരയേക്കർ ഭൂവുടമയ്ക്കു് കൊടുക്കണം; പത്തേക്കർ ഭൂമിയുണ്ടെങ്കിൽ അഞ്ചേക്കർ വിട്ടുകൊടുക്കണം. ഈയൊരു നിലപാടു സ്വീകരിച്ചാൽ എന്താണു കുഴപ്പം? ഉണ്ണാൻ പോലും നെല്ലു കിട്ടാതെ, അരിഷ്ടിച്ചു കഴിയുന്ന എത്രയെത്ര ചെറുഭൂവുടമകൾ ഇന്നു് ഇതുമൂലം കൂടുതൽ കഷ്ടത്തിലാകുമെന്നുള്ള കാര്യം നാം ഓർക്കണം. അങ്ങനെയുള്ളവർക്കു് അല്പമെങ്കിലും ആശ്വാസം നൽകാൻ എന്റെ ഭേദഗതി സഹായകമായിരിക്കും. കുടിയാന്റെ കൈവശമുള്ള ഭൂമി ഒഴിപ്പിച്ചെടുക്കുകയാണെങ്കിൽ അതു 5 ഏക്കറിൽ കൂടുതൽ പാടില്ലെന്നു പറയുന്നതു ശരിയല്ല. എന്റെ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ ദൈവത്തോടല്ല, ഭരണപാർട്ടിയോടു പ്രാർത്ഥിക്കുകയാണ്. ആ ഭാഗത്തു് നല്ല ബുദ്ധിയുള്ളവർ ഉണ്ടു്. ബുദ്ധിയുള്ളവർക്കു കുറച്ചു നയം വേണം. നയത്തിനു സത്യം വേണം. നയവും സത്യവും അനുസരിച്ചു പ്രവർത്തിച്ചാൽമതി. സിദ്ധാന്തമൊന്നും പാടില്ല. എന്റെ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണം. കുടിയാന്റെ കൈവശമുള്ളതിൽ പകുതി ഒഴിപ്പിക്കാനുള്ള അവകാശം ജന്മിയ്ക്കു കൊടുക്കുന്നതു കേവലമായ ഒരു മര്യാദയാണെന്നാണ് എന്റെ അഭിപ്രായം. എല്ലാവരും കൃഷിചെയ്തു എല്ലാവരും നന്നാകട്ടെ. ഒരു കൂട്ടരെ പാപ്പരാക്കിയിട്ട് മറ്റൊരു വിഭാഗത്തെ നന്നാക്കാൻ ശ്രമിക്കരുത്. അങ്ങനെ ഒരു വിഭാഗത്തോട് ചെയ്താൽ ഈ രാജ്യത്തു സമാധാനം ഉണ്ടാകുമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? ജീവിക്കാനുള്ള അവകാശം എല്ലാവർക്കും അവശ്യമല്ലേ?

ബഹുമാനപ്പെട്ട സ്പീക്കർ സമയം നോക്കുന്നു: ഞാൻ അവസാനിപ്പിക്കാൻ ശ്രമിക്കുകയാണ്. പിന്നെയൊരു കാര്യം പറയാനുള്ളതു്, ജന്മി അധികമുള്ളതു് എടുക്കുമ്പോൾ, അവർക്കൊരു ആശ്വാസമെന്ന നിലയിൽ നല്ല വില കൊടുക്കാനെങ്കിലും വ്യവസ്ഥ ചെയ്യേണ്ടതാണ്.

11. A. M

മനഃസമാധാനത്തിനു് ശരിയായ വില കൊടുക്കുകയാണു് വേണ്ടതു്. നാം ഇവിടെ ചെയ്യുന്നതു നേരെ വിപരീതമാണു്. പന്ത്രണ്ടു പാട്ടമെന്നാണു് പറയുന്നതു്. അതുമില്ലാത്ത അവസ്ഥയാണു വരുന്നതു്. പാട്ടം വെട്ടിച്ചുരുക്കി അതിന്റെ ക്രൂരതയും കാഠിന്യവുമെല്ലാം കണക്കിലെടുത്തുവരുമ്പോൾ ഇന്നു കിട്ടുന്നതിനേക്കാൾ വളരെ ചുരുക്കമായിട്ടുള്ള പാട്ടമായിരിക്കും നിശ്ചയിക്കുന്നതു്. ഒരു കേസിലും പാട്ടം അധികമാകാൻ പോകുന്നില്ല. അങ്ങനെ നിശ്ചയിക്കുന്ന ഫെയർ റെന്റിന്റെ 16 ഇരിട്ടിയാണു് വച്ചിട്ടുള്ളതു്. ജന്മിയുടെ പകുതി വിലപോലും ആകുകയില്ല. അതു നിലയിൽ ചുരുങ്ങിയ വിലക്കാണു് കൊടുക്കുന്നതു്. പിന്നെ അതു വീണ്ടും തന്നെയും മുഴുവൻ കൊടുക്കുകയില്ല. അതു സംഖ്യയുടെ കണക്കനുസരിച്ചു് ഇത്രയിത്ര ശതമാനം കുറയ്ക്കണമെന്നാണു് പറഞ്ഞിട്ടുള്ളതു്. ശരിയായിട്ടുള്ള മാർക്കറ്റുവില വച്ചിട്ടുള്ളതിനു് എഴുപത്തഞ്ചോ എൺപതോ വച്ചു തരികയുള്ളു എന്നു പറഞ്ഞാൽ അതു ഒരു വിധം മര്യാദയായിരിക്കും. പാട്ടം ചുരുക്കിയിട്ടു അതനുസരിച്ചു വിലനിശ്ചയിക്കുക എന്നുപറയുന്നതു് രാഷ്ട്രീയമായിട്ടോ, സാമുദായികമായിട്ടോ സാമ്പത്തികമായിട്ടോ ന്യായീകരിക്കാൻ കഴിയുകയില്ല. എന്നെപ്പോലെയുള്ള ഒരു സാധുവിനു് ഉള്ള ഭൂമിയുംകൂടി ഇല്ലെന്നുവന്നാൽ എന്തായിരിക്കും നില. എട്ടണയ്ക്കുവേണ്ടി കൊലക്കേസു് നടന്നിട്ടുള്ളതായി നമുക്കു അറിഞ്ഞുകൂടേ. ആഹാരമില്ലാതെ കുട്ടികളും പട്ടിണി കിടക്കുമ്പോൾ എട്ടണയ്ക്കുവേണ്ടി പോലും ഒരാൾ കൊല ചെയ്യുവെന്നു വന്നേയ്ക്കും. അതുകൊണ്ടു ഞാൻ പറയുന്നതു് എന്റെ അഭിപ്രായമെന്നുമെന്നും അംഗീകരിക്കണമെന്നാണു്. ചെറിയ ജന്മിസ്ഥാനം ആയാലും വലിയ ജന്മിസ്ഥാനമായാലും പകുതി ഒഴിപ്പിക്കാൻ അനുവദിക്കണം. ചമയങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതുണ്ടാക്കിയിട്ടുള്ളവർക്കു പ്രതിഫലവും കൊടുക്കണം.

ബഹുമാനപ്പെട്ട മന്ത്രി ക്ലാസ്സു് 7 (12) നു് ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ടു്. അതിങ്ങനെയാണു്.

"For sub-clause(12) of clause 7 proposed to be substituted by amendment No. 9 in List No. 6 substitute:—

"12. Where in respect of any land there are more landlords than one, the landlords mentioned below and in the order of their priority alone shall be entitled to resumption, the landlord nearer to the cultivating tenant excluding the more remote.

(a) persons entitled to fixity of tenure under the Malabar Tenancy Act, 1929 or the Cochin Verumpattomdars Act, VIII of 1118, or the Devaswom Verumpattomdars (Settlement)Proclamation, XXIII of 1118, (Cochin);

(b) Kanomdar;

(c) Owner.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. രാഘവമേനോൻ]

Explanation.—Where a landlord who has preferential right for resumption does not demand resumption the landlord next in the order of priority shall be entitled to resumption".

ബില്ലിൽ ഉണ്ടായിരുന്നതു് ഇങ്ങനെയാണു്:

(12) For the purpose of this section, where there is a kanomdar, customary verumpattomdar, kanom kuzhikkanomdar or a pattadar as defined in the Devaswom Verumpattadars (Settlement) Proclamation. XXIII of 1118, in respect of a holding, he shall in relation to the tenants claiming under him to deemed to be the landowner and not the actual owner of the land.

ഭേദഗതിമൂലം വരുന്നതു് ആദ്യത്തെ അവകാശി ഇല്ലെങ്കിൽ അതിനു താഴെയുള്ള അവകാശിക്കു ഒഴിപ്പിക്കാൻ അർഹതയുണ്ടെന്നാണു്. ബില്ലിൽ ലാൻഡു ഓണർ എന്നു പറഞ്ഞിരുന്നതു് ഭേദഗതിയിൽ ലാൻഡു ലാർഡു് എന്നു ആക്കിയിട്ടുണ്ടു്. സെക്ഷൻ 2 (21)-ൽ ലാൻഡലാർഡു എന്നുള്ളതിനും 22-ൽ ലാൻഡു ഓണർ എന്നുള്ളതിനും നിർവചനം നൽകിയിട്ടുണ്ടു്. ലാൻഡുഓണർ സാക്ഷാൽ ഉടമസ്ഥനാണു്. ലാൻഡലാർഡു എന്നു പറഞ്ഞാൽ ഉടമസ്ഥനാണെന്നു വിചാരിക്കുമെങ്കിലും ഒരാളിനു് പാട്ടമേൽപ്പിച്ചിട്ടു അയാളിൽ നിന്നു പാട്ടം വാങ്ങാൻ അവകാശമുള്ള ആളാണു്. അപ്പോൾ ഇവിടെ ലാൻഡുഓണർ എന്നുള്ളതിനു പകരം ലാൻഡു ലാർഡു എന്നു ആക്കുമ്പോൾ വളരെ ബുദ്ധിമുട്ടുണ്ടു്. കാണംകാരെയും കുടിമറി വെറും പാട്ടക്കാരെയും ലാൻഡുഓണറായി സമ്മതിച്ചിട്ടുണ്ടു്. അവർക്കു് ഇതു ബാധകമല്ല. കാണക്കാരനു് ഒരു ജന്മിയുണ്ടു്. കാണക്കാരന്റെ കീഴിൽ ഒരു വെറും പാട്ടക്കാരൻ, അയാളുടെ കീഴിൽ വേറൊരാൾ ഇങ്ങനെ ഭൂമി കാട്ടത്തിട്ടുള്ളതായി വന്നേക്കാം. അങ്ങനെ കൊടുത്താൽ ഇതു പറഞ്ഞ അവകാശം യഥാർത്ഥ ഉടമസ്ഥനു് കിട്ടുകയില്ല. യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന കുടിയാനു സീലിംഗുവരെ ഭൂമിയുണ്ടെങ്കിലേ എടുക്കാൻ പാടുള്ളൂവെന്നു പറഞ്ഞിട്ടുണ്ടു്. അതുകഴിഞ്ഞു പിന്നത്തെ ആളിനും അതിനടുത്ത ആളിനും സീലിംഗു വരെ ഭൂമി വേണം. ഇങ്ങനെ മൂന്നു പ്രാവശ്യം സീലിംഗുകഴിഞ്ഞാലേ യഥാർത്ഥ ഉടമസ്ഥനു ഭൂമി കിട്ടുകയുള്ളൂ. പാട്ടത്തിനു് കൊടുക്കുന്ന ആളുകളുടെ പാട്ടം ഒഴിവുമുറക്കുമ്പോൾ ഉടമസ്ഥന്റെ പാട്ടവും മുറുങ്ങും. അങ്ങനെ കുടിയാന്മാരെസംബന്ധിച്ചിടത്തോളം നിയമം വളരെഅനുകൂല്യമുള്ളതാണു്. കുടിയാന്മാരെ ഞങ്ങളും സഹായിച്ചുകൊണ്ടിരിക്കുന്നവരാണു്. അവർക്ഫിക്സിറ്റിയും മറ്റും കൊടുത്തിട്ടുണ്ടു്. ഇങ്ങനെയൊക്കെ ചെയ്തിട്ടും ഭൂമി ഉടമസ്ഥന്മാർക്കു് ഭോക്തമായിട്ടു വരരുതെന്നു വിചാരിച്ചു് ഞാൻ പറയുകയാണു്. ലാൻഡുഓണർ എന്നതിനു പകരം ലാൻഡുഓണർ എന്നു തന്നെ പറയണം. പ്രയാറിറി വച്ചിട്ടുള്ളതും എടുത്തുകളയണം. പാട്ടം വാങ്ങുന്ന ആളെന്നു മാത്രം പറഞ്ഞാൽ ഓണർക്കു ഒരിക്കലും ഒഴിപ്പിക്കാൻ സാധിക്കയില്ല. വെറും പാട്ടക്കാർ രണ്ടു മൂന്നുപേർ ഉണ്ടാകും. അവരെല്ലാം ലാൻഡുലാർഡുസാകും. അതുനിലയിൽ ഞാൻ പറഞ്ഞ മാറ്റങ്ങളും വരുത്തേണ്ടതാണു്.

ശ്രീ. പി. രാമണ്ണിക്കുറുപ്പു്: സബ്. ക്ലാസു് (12) നെ സംബന്ധിച്ചു ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെ ഒടുവിലത്തെ ഭേദഗതിയെ ഞാൻ എതിർക്കയാണു്. അതു ഉപക്ഷേപത്തിനു വിധേയമായ ക്ലാസിലുള്ള പൊതു തത്വത്തോടുതന്നെ എനിക്കു ശക്തിയായ എതിർപ്പുണ്ടു്. തത്വത്തെ അടിസ്ഥാനമാക്കാതെ താല്പര്യത്തെ അടിസ്ഥാനമാക്കിയുള്ള നിയമനിർമ്മാണത്തിൽ പെട്ടതല്ലേ ഇതു് എന്നു ഞാൻ സംശയിക്കുകയാണു്. അധ്വാനിക്കുന്ന കൃഷിക്കാരന്റെ അവകാശം നില നിറുത്തിയോ അല്ലെങ്കിൽ ഒരു വസ്തുവിൽ മുടക്കുമുതൽ ഇറക്കി

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദനം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അവരുടെ അവകാശത്തെ നിലനിറുത്തിയോ നിയമം ഉണ്ടാക്കണം. ഇതു രണ്ടും അല്ലാത്ത നിലയിലാണ് ഇവിടെ കാണുന്നതു്. കുടിയാനെ വസ്തുവിൽ നിന്നും ഒരു കാരണവശാലും ഒഴിപ്പിക്കുന്നതിനോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ല. അധ്വാനിച്ചു് കൃഷി ചെയ്യുന്നവനു് ഭൂമിയിൽ കൃഷി ചെയ്യാനുള്ള അവസരം നൽകണം. ഈ ഭേദഗതിയിൽ കാണുന്നതു് അധ്വാനിക്കുന്ന കൃഷിക്കാരൻ വസ്തു ഒഴിഞ്ഞു കൊടുക്കേണ്ടിവരുമ്പോൾ അതിന്റെ മുമ്പിലുള്ള ജന്മിക്കു ഒഴിപ്പിക്കാമെന്നാണു്. അങ്ങനെ ഒഴിപ്പിക്കുന്നതിനുള്ള അവകാശം കൊടുക്കുന്നതോടൊപ്പം മദ്ധ്യവർത്തികളുടെ മുടനാസമ്പ്രദായം മന്ത്രി ആലോചിച്ചിട്ടില്ല. മലബാറിൽ ഒരു മേൽചാർത്തു സമ്പ്രദായം ഉണ്ടു്. അധ്വാനിച്ചു് കൃഷി ചെയ്യുന്ന കുടിയാൻ ഇരിക്കേതന്നെ മൂന്നാമതു ഒരാളിനോടു നൂറോ ഇരുന്നൂറോ രൂപാ വാങ്ങി ഉടമസ്ഥൻ മേൽചാർത്തു കൊടുക്കുന്നതരം പതിവുണ്ടായിരുന്നു.

മേൽചാർത്തു കിട്ടിക്കഴിഞ്ഞ ഉടനെ കീഴ്ക്കുടിയാനെ ഒഴിപ്പിക്കുവാൻ മേൽചാർത്തുകാരൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. പാട്ടം വർദ്ധിപ്പിച്ചുകൊണ്ടു് ക്രൂരതലാഭായം വാങ്ങുവാൻ ശ്രമിക്കുകയും അങ്ങനെ കുടിയാനെ ഞെരുക്കി ഗത്യന്തരമില്ലാതെ വന്നിട്ടു് വസ്തു ഒഴിഞ്ഞു കൊടുക്കേണ്ടിവരുകയും ചെയ്തിട്ടുണ്ടു്. അപ്പോൾ, ഒരു വസ്തു കീഴ്ക്കുടിയാന്റെ പക്കൽനിന്നും അതിനു മുകളിലുള്ള മേൽചാർത്തുകാരന്റെ കൈയ്യിലും അദ്ദേഹത്തിന്റെ മേൽ മേൽചാർത്തുകാരന്റെയുണ്ടെങ്കിൽ അയാളുടെയും അംശാംശമായി ഭൂമി പോകുന്നതിനു ഇതു കാരണമാക്കിത്തീർക്കും. ഈ ഭേദഗതി കീഴ്ക്കുടിയാനു വസ്തു കൈവശം വെക്കാനുള്ള അവകാശത്തെയും, ജന്മിക്കു് മദ്ധ്യവർത്തികളിൽനിന്നു് വസ്തു ഒഴിപ്പിക്കുവാനുള്ള അവകാശത്തെയും ഒരുപോലെ നിഷേധിക്കുകയാണു്. കുടിയാൻ ഭൂമി കൈവശം കൊടുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനുള്ള സഹകരണം ഒന്നാമതായിചെയ്തുകൊടുക്കണം. അഥവാ കുടിയാൻ പരിധിയിൽകവിഞ്ഞു ഭൂമിയുള്ളവനാണെങ്കിൽ വസ്തു ഉടമസ്ഥനു് റെസ്യൂം ചെയ്യാനുള്ള അവകാശം കൊടുക്കണം. ഇതു രണ്ടുമില്ലാതെ മദ്ധ്യവർത്തികൾക്കു് വസ്തു ഒഴിപ്പിക്കുവാനുള്ള സഹകരണം കൊടുക്കുന്നതു് ഒരു പിൻതിരിപ്പൻ നടപടിയാണെന്നു പറയാതെ തരമില്ല. കുടിയാനു വേണ്ടെങ്കിൽ അതിനു മേൽചാർത്തുകാരൻ, അയാൾക്കു് വേണ്ടെങ്കിൽ അതിനു മുകളിലുള്ള ചാർത്തുകാരൻ, അങ്ങനെ പടിപടിയായിട്ടു് മദ്ധ്യവർത്തികളുടെ സോപാനങ്ങൾ കടന്നുവേണം ഒടുവിൽ ജന്മിക്കു് ഭൂമി കിട്ടുവാൻ, എന്നൊരു പ്രതീതി ജനിപ്പിക്കുന്ന ഈ നിയമനിർമ്മാണത്തെപ്പറ്റി എനിക്കു് വലിയ മതിപ്പില്ല. ഭൂമി തുണ്ടുതുണ്ടായിട്ടു അധ്വാനിക്കുന്ന ആളുകളുടെ കയ്യിലില്ലാതെവരുന്ന ഒരു പരിതഃസ്ഥിതി ഈ നിയമനിർമ്മാണംമൂലം ഉണ്ടാക്കികൊടുക്കുകയാണു്. കൃഷി ചെയ്യാനുള്ള മനുഷ്യരുടെ ആഗ്രഹത്തിന്റെയും, ഭൂമിയോടുള്ള സ്നേഹത്തിന്റെയും നേരെ പുണ്ണുവിരൽ ഞൊണ്ടുകയാണു് ഇത്തരം നിയമനിർമ്മാണത്തിൽ കൂടി സാധിക്കുന്നതു്. ഈ അവസരത്തിൽ നമ്മുടെ മുഖ്യമന്ത്രി 1955-ൽ എഴുതിയ ഒരു ചെറുപുസ്തകത്തെപ്പറ്റി ഞാൻ ഓർക്കുകയാണു്. ഭൂമി തുണ്ടുതുണ്ടാക്കി വിതരണം ചെയ്യുവാൻ സഹായിക്കുന്നതും, മദ്ധ്യവർത്തികൾക്കു് ഭൂമി ലഭിക്കുവാൻ പര്യാപ്തമായതുമായ ഒരു പിൻതിരിപ്പൻനയമാണു് കോൺഗ്രസ് കൈക്കൊണ്ടിരിക്കുന്നതെന്നു പറഞ്ഞു് ആ പുസ്തകത്തിൽ അദ്ദേഹം കോൺഗ്രസ് പാർട്ടിയെ അപലപിക്കുകയുണ്ടായി. സമയമില്ലാത്തതുകൊണ്ടു് ഞാൻ അദ്ദേഹം പറഞ്ഞ അഭിപ്രായം ഇവിടെ ഉദ്ധരിക്കുന്നില്ല. അന്നത്തെ നിലപാടിൽ നിന്നും ഇന്നു് മാറ്റങ്ങളും വന്നതു നോക്കുമ്പോൾ, ആ മാറ്റങ്ങളും മദ്ധ്യവർത്തികളെ സഹായിക്കാനാണു് ഉതകുന്നതു് എന്നു കാണുമ്പോൾ വേദന തോന്നുന്നുണ്ടു്. മലബാറിൽ വലിയ കാര്യമൊന്നുമില്ല; മലബാറിലെ പ്രതിനിധികളും കൃഷിക്കാരന്റെ പ്രതിനിധികളാണു്; എന്നാൽ തിരുവിതാംകൂർ-കൊച്ചിയിലെ പ്രതിനിധികളും ഇടത്തരക്കാരുടെ പ്രതിനിധികളും ആണു് എന്നെല്ലാം പറഞ്ഞാൽ ഇതിനു് സമാധാനമാകുകയില്ല. റവന്യൂമന്ത്രി കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതി കർഷകനെ ഒഴിപ്പിച്ചു മദ്ധ്യവർത്തിക്കു് വസ്തു സമ്പാദിക്കുവാൻ പര്യാപ്തമാകുന്നതും, അതോടൊപ്പം വസ്തു വേണമെന്നാഗ്രഹിക്കുന്ന കുടിയാനു വസ്തു കൈവശംവെക്കുവാനുള്ള അവകാശം നിഷേധിക്കുന്നതുമാകയാൽ ഈ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമണ്ണിക്കറുപ്പ്]

ഏറ്റവും റിയാക്ഷനറിയായിട്ടുള്ളതാണെന്നു ഗവണ്മെൻറ് മനസിലാക്കുന്നതാണു്. അതിനാൽ ഈ ഭേദഗതി റവന്യൂ മിനിസ്റ്റർ പിൻവലിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : രണ്ടു ഭേദഗതികളും അവതരിപ്പിച്ചിട്ടുണ്ടു്. അതിൽ ആദ്യത്തേതു് : In sub-clause 4 (a) between the words 'a land lord' and 'requiring the holding' insert the following "who does not own more than the ceiling area" എന്നാണു് ഈ സെക്ഷനിനകത്തു് സീലിംഗിനകത്തുള്ള ആരും വരുകയില്ല. സീലിംഗിൽ കവിഞ്ഞു് വസ്തു ഉണ്ടെങ്കിൽ എങ്ങനെ ചെയ്യണമെന്നുള്ളതാണു് ഇവിടുത്തെ പ്രശ്നം. അധികമുള്ള വസ്തു ഗവണ്മെൻറിനു സറണ്ടർ ചെയ്യുമ്പോൾ അതിൽ ഒരു ഭാഗം ലാൻഡ് മാർഡിനു് കൊടുത്തുകൂടാ എന്നാണു് പറയുന്നതെങ്കിൽ അതിനെപ്പറ്റി പരിശോധിക്കേണ്ടതാണു്. പതിനഞ്ചേക്കറിൽ കൂടുതൽ ഭൂമിയുള്ള ഒരു ടെനൻറു് വസ്തു സറണ്ടർ ചെയ്യുമ്പോഴും, ഒഴിപ്പിക്കുമ്പോഴും സീലിംഗിൽ കവിഞ്ഞുവരുന്ന വസ്തു ഉടമസ്ഥനു് പാടില്ലെന്നു് പറയുന്നതിൽ വലിയ യുക്തി ഞാൻ കാണുന്നില്ല. സീലിംഗിൽ കവിയാത്ത വസ്തു ഉടമസ്ഥനു് കൃഷിചെയ്യുവാൻവസ്തു ഒഴിപ്പിച്ചു് എടുക്കാൻ അനുവദിക്കേണ്ടതാണു്. അതിനുവേണ്ടിയാണു് ഞാൻ എൻറെ ഭേദഗതി അവതരിപ്പിക്കുന്നതു്. ഈ ഭേദഗതി ഇല്ലെങ്കിൽ സീലിംഗിൽകവിഞ്ഞുള്ള ഭൂമി ഒരു വസ്തു ഉടമസ്ഥനു് ഒഴിപ്പിച്ചെടുക്കുവാൻ ഇടവന്നേക്കും.

രണ്ടാമത്തെ ഭേദഗതിയുടെ അവസാനം "surrendered by the tenant' എന്നതിനു പകരം surrendered under section 59 എന്നു വേണം സീലിംഗിൽ കുറവായ വസ്തുവിൽ ഉടമസ്ഥാവകാശമുള്ള ജന്മിതന്നെ വസ്തു ഒഴിപ്പിച്ചെടുക്കുമ്പോൾ സറണ്ടർ ചെയ്യുന്ന വസ്തു എത്രയായിരിക്കുമോ അതിൻറെ പകുതി ഒഴിപ്പിച്ചെടുക്കാം എന്നാണു്. ഇതുകൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു് സീലിംഗു് നിയമം കൂടുതൽ സംരക്ഷിക്കപ്പെടണം എന്നുള്ളതാണു്. സീലിംഗു് കഴിഞ്ഞുള്ള ഭൂമി സറണ്ടർ ചെയ്യുന്നതു്, ഈ ഭേദഗതി അംഗീകരിക്കപ്പെടുന്ന പക്ഷം, കൂടുതൽ കൃഷിവാനുണ്ടു്. കൂടുതൽ വിതരണം ചെയ്യുവാൻവേണ്ടി ഭൂമി കിട്ടുമെന്നുള്ളതാണു് അതിൻറെ ഫലം. എന്നാൽ വസ്തു ഒഴിപ്പിച്ചെടുക്കുന്നതിനുള്ള ആവശ്യത്തേയും, ജന്മിയുടെ താൽപ്പര്യത്തേയും തീരെ ഉപേക്ഷിച്ചിട്ടുമില്ല. ഒരു കൂടിയാൻ സീലിംഗിൽ കവിഞ്ഞു വരുന്നതിൽ പകുതി ഭൂമി ഗവണ്മെൻറിനു് സറണ്ടർ ചെയ്യുവാൻ നിർബ്ബന്ധിതനായിത്തീരും.

Shri M. Umesh Rao: I am speaking on my amendment No. 389 in the original list. Sir, a few days ago I asked a question to the Revenue Minister as to what was the number of tenants in the State who possess more than the ceiling area and the answer was that no figures were available. I may say that you will not be able to find out more than 100 tenants in the whole State who are in possession of land more than the ceiling limit. Even in such cases, the original tenant would have sub-based, making resumption impossible. In the Kasargod taluk, there is not a single tenant who comes within this category. The effect is that there will be no land available for resumption by virtue of this provision. That is the position. So, I have proposed that instead of the ceiling area, with the tenant we might reduce it to five acres of double crop nilam or its equivalent, so that some deserving landlords who really wish to cultivate their lands may be able to get some lands for cultivation.

LIBRARY ARCHIVES Kerala Legislative Assembly

Then about amendment (No. 391). By my amendment, I propose to reduce the limit of land to be left for the tenant to three acres of double crop nilam or its equivalent.

Mr. Speaker: Please resume your seat. You have tabled amendments 389 and 392. They are alternative amendments. Both of them relate to the same ceiling area and not two different ceiling areas. Your intention may be different.

Shri M. Umesh Rao: Sir, these are my amendments:

Amendment No. 389. "In clause 7 (4) (a), substitute for the words "below the ceiling area" in line 6, the words "below three acres of double crop nilam or its equivalent".

Amendment No 392. "In clause 7 (4) (a) for the words "the ceiling area the whole or a portion of the holding so as not to reduce the extent of the land in possession of the tenant below the ceiling area" substitute the words "five acres of double crop nilom or its equivalent". "

Mr. Speaker: In amendment No. 389 you want to substitute "below three acres of double crop nilam or its equivalent." In amendment No. 392 you want to substitute "five acres of double crop nilom or its equivalent."

Shri M. Umesh Rao: Sir, as it is the present clause is practically obsolete. So, necessary changes may be made as a result of which some landlords who really want land for self-cultivation may be enabled to get it. In a subsequent amendment, that is amendment No. 410 I have moved for the substitution of "tenant" for "varomdar" in sub-clause 4 (b). This provision is a very healthy provision where a concession has been shown to the landlord of a varomdar. He can resume one-half of the area from the varomdar. So, instead of "varomdar" "tenant" may be substituted.

In Amendment No. 434 I have moved for the deletion of clause 7 (6) (v) regarding the payment of solatium to the tenant. But if there is a proper provision enabling the landlord to have recourse to self-cultivation, then the question of payment of solatium to the tenant does not matter. So I will not press that amendment.

Then I have moved amendments in List No. 2 which is as follows:

"in clause 7 (4) after (b) add sub-clause (c) the following:

"(c) a land owner requiring the holding bonafide for cultivation by him or by any member of his family who has a proprietary interest therein may, in cases, where he cannot resume any land for cultivation as per the above provisions, and does

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Umesh Rao]

not have possession of enough land for cultivation, may resume such extent of land as will enable him to be in possession of land at the rate of one acre of double crop nilam as its equivalent for every individual in the family."

I ask for very little by this amendment.

Finally, I move No. 24 in List No. 7, which is as follows:—

"In clause 7, (Amendment No. 8 in list No. 3) in sub-clause (4) add—

'(d) A land lord who does not own more than five acres of double crop nilam or its equivalent and is an N. G. O. or a teacher in a Primary or Secondary school, requiring the holding bonafide forcultivation by himself or by any member of his family may resume from his tenant one-half the area leased out within one year of his ceasing to be in service. Till the date of such resumption, the tenant shall continue to hold the land paying the rent determined under this Act. From that date he shall continue to hold the other half of the holding as tenant paying proportionate rent. On such resumption the landlord shall be liable to pay value of improvements to the tenant as computed under the Kerala Compensation for Tenants Improvements Act, 29 of 1958."

Of course, this amendment is self-explanatory. I do not want to say much about that. There are school masters and others who are forced to go away from their villages entrusting their lands to tenants. At least a dozen police constables have expressed to me their concern in case they are to lose their lands by this legislation. The concession I have suggested in my amendment should be extended to teachers and others mentioned in the amendment. In this connection I wish to say something general. It is claimed that these provisions have been drafted in accordance with the resolutions of the Indian National Congress. It is not really so. We must have some provision to enable every landlord to resume property, needed for bona fide cultivation. It is claimed that this Bill is in accordance with the Planning Commission's recommendations. This is incorrect. It is a mockery. The Planning Commission has never made a recommendation to render bona fide agriculturist landlords landless. Bonafide landlords should be allowed resumption of land for self cultivation. I would submit, Sir, that would be the proper criterion to make out as to whether this Government really wants to be fair to the landlords. It may be right to bleed a person who has excess blood and transfer it into one that suffers want of it. But to bleed one to death to keep alive another is not justified. The book. Census of Lands in Kerala says that statistics were necessary for understanding the land problem. They have been the basis for framing provisions for land reforms. In the book there are some statistics for Cochin, and Travancore and also for the erstwhile Malabar. I would like to read out one particular thing from these statistics:—

LIBRARY ARCHIVES Kerala Legislative Assembly

"The area given on lease in Malabar is 5,929 acres, and the cultivable land is nearly 48 lakhs. These are the sort of statistics. Is it on these statistics that these provisions have been formulated? Before enacting about conditions for resumptions Government should have sound basic statistical information. But no such things have been attempted or done. Reform means some loss to some section of the community and gain to another. But no section of the community should be left after reform in such a condition as would deprive them of their means of livelihood. Here I would point out one particular anomaly. Suppose for illustration's sake that I am an owner of 6 acres of double crop nilam, and I am not in possession thereof. Another person who possesses 9 acres by himself is in possession of my land. He is a bigger land owner, and even then, he is entitled to purchase my land. That is why I say that this clause for resumption assumes a very great importance. The Revenue Minister gave some statistics about the number of persons who own land above 5 acres and all that. The number of landowners who will have to suffer great hardship by this clause 7 will be much greater than the figure given by the Revenue Minister. Let the landlord also live.

The final result of this will be that there will be hundreds of landlords who will not be able to hold even a cent of land. I may be permitted to speak particularly about certain difficulties in my constituency. These points were particularly stressed before the Select Committee and I appeal to this House that they may be taken into consideration. The House knows that the 'aliyasanthanam' law is prevailing in the Kasargod Taluk mostly. To some extent 'marumakathayam' law is also prevalent. According to marumakathayam law partition could be effected from a pretty long time. So, after partition, some junior members get possession of their shares from tenants. Regarding aliyasanthanam families the junior members were agitating for the right to partition and as a result of that a bill was passed in the Madras Assembly only a few years ago and some 'aliyasanthanam' families have recently effected partition. Only a few families could effect partition and yet few got actual possession of properties. Many suits are still pending in civil courts. An aliyasanthanam tharavad (Kutumba) consists of at times even 25 families. All these form one 'kutumbum'. They are all agriculturists. But it so happens that not even a cent of land is in the possession of the junior members or of the Kutumba. I need not give the reason for the same. The Karnavan did not allow land to be in the possession of the junior members, as it was likely to create difficulties in collecting rent. Therefore all the lands are now in the possession of tenants. I know of several cases in which the junior members who are agriculturists would like to have some land for their own agricultu e, for their maintenance. But what is the result? They will get fair price in instalments in 16 years from the tenants. It will not be enough to set up a house or a beedi or pan shop for each family. That is a great hardship. If this

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Umesh Rao]

provision of the Bill is to be kept as it is the members of the family will be thrown on the streets. So allow atleast one acre to be resumed by a member of a family (if under the other provisions in land or very little land could be resumed). Of course in a few cases, as a result of what I purpose the extent of land in the possession of the tenant may be very much reduced. There may be a few cases in which the tenants may be rendered landless. The landlords will be surrendering excess land to Government. That is proposed to be given to the landless etc. certainly welcome that proposal. Distribute that land for the prevants who are rendered landless or are very little land. There is no justification for depriving the *bona fide* agriculturists of all the land. So I request that these things may be kindly considered. Our conditions are peculiar. Partition has not taken place. A large number of suits are pending in courts. The tenants are in possession of the land and if the members of the kutumba are to get the purchase price it will not be enough even to pay the lawyers and to meet the expenses of the litigation. So I submit that these points may be kindly considered.

Mr. Speaker: Please conclude.

Shri. M. Umesh Rao: So I submit that though I welcome the right of purchase given to tenants it should be only subject to the landlord getting sufficient land for the purpose of his cultivation. Then there will be proper justice. Otherwise it will be unjust. We have to be very careful in these things. As an onlooker I may say that forces are gathering round and against Government.

Mr. Speaker: Please conclude.

Shri. M. Umesh Rao: When I was coming to this place, at a meeting that was held on the road side a young man was saying we will distribute the lands of the landlords to the poor. To some extent it may be justified. There must be fairness. If we are not going to be just in the solution of this problem we will deserve criticism and opposition from outside. So I submit that proper attention should be bestowed and the provision suitably revised so that the landlord and members of his family may get some land for *bona fide* cultivation.

ശ്രീ. ജോസഫ് ചാഴിക്കാടൻ: എന്റെ അമെൻഡുമെന്റ്.....

Mr. Speaker: You have not moved any amendment. നിങ്ങൾ അമെൻഡുമെന്റ് സപ്പോർട്ട് ചെയ്ത് സംസാരിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ: 371-ാം അമെൻഡുമെന്റ് ഞാൻ കൊടുത്തിരുന്നു. പിന്നീട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലും.....

മിസ്റ്റർ സ്പീക്കർ: 10 മിനിറ്റ് സമയം അനുവദിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഞാൻ സംസാരിക്കണമെന്നു വച്ചിട്ടല്ല. ഞാൻ മാത്രം സംസാരിക്കാൻ എഴുന്നേൽക്കുമ്പോൾ അഞ്ച് സമയം അനുവദിക്കുകയില്ല. കഴിഞ്ഞ ശനിയാഴ്ച അഞ്ച് എന്നു വച്ചതേ ഓർപ്പെടുത്തി. ഞാൻ പേരിട്ടു വിളിച്ചിരിക്കുകയായിരുന്നു. 10 മിനിട്ടേ തരൂ എന്നു പറയുന്നതു വളരെ സങ്കടകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ : പ്രസംഗം ഇടരണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സമയം പത്തു മിനിറ്റിൽ കൂടുതൽ അനുവദിക്കുന്ന കാര്യം.....

മിസ്റ്റർ സ്പീക്കർ : പത്തു മിനിറ്റാകട്ടെ.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അങ്ങനെയൊക്കെ ചില സൗജന്യത്തിലൊക്കെ അങ്ങു ചെയ്താൽ മതി. ഈ റിജിനൽ ക്ലാസ് 7 റീറൈറ ചെയ്താൽ, റവന്യൂ മിനിസ്റ്റർ സപ്ലിമെന്ററി ലിസ്റ്റ 3-ൽ കൊണ്ടുവന്നിട്ടുള്ളത് റീറൈറ ചെയ്തിട്ടുള്ളതു വായിച്ചു നോക്കിയാൽ മുഷികസ്ത്രീ പിന്നെയും മുഷികസ്ത്രീയായി വന്നു എന്നു പറഞ്ഞതുപോലെയാണ്; അതുപോലെ പിന്നെയും ഇരിക്കുന്നു. അതിനാണ് ഞാൻ അമെൻഡ്മെൻറ് കൊണ്ടുവരാൻ ഉദ്ദേശിച്ചിരുന്നതു്. സബ് ക്ലാസ് 3-ൽ രണ്ടു പ്രൊവിസോ കൊടുത്തിട്ടുണ്ട്. ഇപ്പോൾ റീറൈറ ചെയ്തുകൊണ്ടുവന്നിട്ടുള്ള ക്ലാസ് 7 സബ് ക്ലാസ് 3-ൽ രണ്ടു പ്രൊവിസോ കൊടുത്തിട്ടുണ്ട്. അതിവിടെ ആവശ്യമില്ലാത്തതാണ്. അതിനെപ്പറ്റി പലരും അമെൻഡുമെൻറ് കൊടുത്തിട്ടുണ്ട്. സർ, ഇവിടെ പറയുന്നതു്—

"3 (a) no landlord shall be entitled to resume any land so as to reduce the extent of the holding in the possession of the tenant below 20 cents; and where the resumption would reduce the extent of holding in the possession of the tenant below 1 acre, the landlord shall not resume more than 20 cents";

ഇതാവശ്യമില്ല. സബ് ക്ലാസ് 2-ൽ പറയുന്നതു്—

"A trustee or owner of a place of public religious worship may resume from a tenant of such public religious institution the whole or any portion of the holding, when the same is needed for the purpose of extending the place of public religious worship and the Collector of the District certifies that the same is so required".

പബ്ലിക് റിലീജിയസ് പർപ്പസസ്സിനുവേണ്ടി സ്ഥലം എടുക്കാം എന്നാണ്. അതിനു കളക്ടറുടെ റിപ്പോർട്ടു വേണമെന്നു പറയുന്നു. അങ്ങനെയൊരു റിപ്പോർട്ടു് ആവശ്യമില്ലാത്തതാണെന്നും ആ വകുപ്പു് വളരെ ദ്രോഹം ചെയ്യുമെന്നും ശ്രീ ടി. എ. തൊമ്മൻ പറഞ്ഞു. വേണ്ട സ്ഥലം കൊടുക്കാമെന്നു പറഞ്ഞതിനു ശേഷം ആ പ്രൊവിഷൻ ആവശ്യമില്ല. റിലീജിയസ് വർഷിപ്പിനു വേണ്ട സ്ഥലത്തു് കെട്ടിടമുണ്ടെങ്കിൽ കുറേ മുറിയോ, കെട്ടിടം അല്പംകൂടി നീട്ടുകയോ മറ്റോ വേണമെങ്കിൽ അത്യാവശ്യത്തിനു കൊടുക്കാമെന്നു പറഞ്ഞാൽ പിന്നെ അതുകൊണ്ടു് ആവശ്യമില്ല.

അടുത്തതു്; "(6) (i) in respect of a tenancy subsisting at the commencement of this Act no application for resumption shall be made after a period of one year from commencement".

സബ് ക്ലാസ് 7 (1)-ൽ ഇന്ന കാര്യങ്ങൾക്കൊക്കെ രസ്യൂം ചെയ്യാമെന്നു പറയുന്നുണ്ട്.

അതുകൂടി വായിക്കുമ്പോഴാണ് അതിന്റെ വിഷമം അറിയുന്നതു്.

"(6) Resumption of land under subsection (2), (3) and (4) shall also be subject to the following conditions:—

(i) in respect of a tenancy subsisting at the commencement of this Act no application for resumption shall be made after a period of one year from such commencement." But in sub-clause 7 (1) what is stated is:

LIBRARY ARCHIVES Kerala Legislative Assembly

[Shri Joseph Chazhikatt]

"(1) The Land comprised in a holding may be resumed—

(a) for the extension of any place of public religious worship;

(b) for the construction of buildings for residential purposes; or

(c) for self cultivation.

സ്വന്തം കെട്ടിടത്തിനോ, സ്വന്തം കൃഷിക്കോ സ്ഥലം എടുക്കുകയെന്ന പറയുന്നപോലെതന്നെ കെട്ടിടം വലുതാക്കി വയ്ക്കേണ്ടിവരുമ്പോഴും ആവശ്യമായിവരും. അച്ഛനും അമ്മയും മാത്രമാണെങ്കിൽ കെട്ടിടം വലുതാക്കേണ്ടി വരില്ല. രണ്ടുമൂന്നു കുട്ടികളുമൊക്കെ ആയിക്കഴിയുമ്പോൾ കെട്ടിടമൊന്നു വലുതാക്കണമെന്നും കൂടുതൽ സൗകര്യപ്പെടുത്തണമെന്നും തോന്നാം. അതുകൊണ്ട് ഒരു കാല്പത്തിനകം അപേക്ഷ കൊടുത്തിരിക്കണമെന്നു പറയുന്നതു ശരിയല്ല. ആയുധങ്ങളും ഉണ്ടാക്കി മൂലധനവും ശേഖരിച്ചുകഴിഞ്ഞിട്ടാണ് കൃഷിചെയ്യണമെന്നു തോന്നുന്നതു്. വളരെ പരിമിതമായ സംഗതികൾക്കു് ഭൂമി എടുക്കാമെന്നു പറഞ്ഞു. അനുവാദം കൊടുത്തു് നിബന്ധനകളും വച്ചിട്ടു് ജന്മികളേയും ഉടമസ്ഥന്മാരെയും നിർബ്ബന്ധിക്കുന്നതു ശരിയല്ല. ഒരു കാല്പത്തിനകം ഈ തോന്നലുകളും എല്ലാം ഉണ്ടായിക്കൊള്ളണമെന്നു പറയുന്നതു ശരിയല്ല. റീസർവ്വേയിലൊക്കെ എന്നൊരു വാചകം വയ്ക്കുന്നതായിരിക്കും നല്ലതു്. സർ, ഞാൻ 10 മിനിട്ടുപോലും എടുത്തിട്ടില്ല.

ശ്രീമതി കുസുമം ജോസഫ്: സർ, സപ്ലിമെന്ററി ലിസ്റ്റിലെ മൂന്നാമത്തെ, ക്ലാസ്, 4 (എ) യുള്ള മന്ത്രിയുടെ ഭേദഗതിയെ ഞാൻ എതിർക്കുകയാണു്. സെലക്ട് കമ്മിറ്റിയിൽ വളരെയധികം ആലോചിച്ചതിനു ശേഷം നാം അംഗീകരിച്ച ഒരു തത്വമായിരുന്നു, വസ്തു ഉടമകൾക്കു ഭൂമി ഒഴിപ്പിക്കുമ്പോൾ ടെനൻറിന്റെ കൈവശം സീലിംഗ് ഏരിയായിൽ കൂടുതലുള്ളതു് ഒഴിപ്പിച്ചെടുക്കാമെന്നു്. അങ്ങനെ ഒഴിപ്പിച്ചെടുക്കുമ്പോൾ വസ്തു ഉടമയ്ക്കും സീലിംഗ് ഏരിയായിൽ കൂടുതലുണ്ടായിരുന്നു. ക്ലാസ് 4 (എ)-യിൽ അതാണു് സെലക്ട് കമ്മിറ്റി റിപ്പോർട്ടിലുള്ളതു്. പക്ഷേ, പിന്നീടുണ്ടായ സംഭവവികാസങ്ങൾ എന്താണെന്നു് അറിഞ്ഞുകൂടാ; അതു മാറിയിട്ടു് കൃഷിക്കാരുടെ കയ്യിൽനിന്നും ഭൂമി ഒഴിപ്പിക്കുമ്പോൾ, ഭൂവുടമയുടെ കൈവശമുള്ള ഭൂമി അഞ്ചു് ഏക്കറിൽ അധികമാകാൻ പാടില്ലെന്നു് വ്യവസ്ഥ ചെയ്തിരിക്കുകയാണു്. അതുകൊണ്ടു് ആ ഭേദഗതിയെ ഞാൻ എതിർക്കുകയാണു്. ഒരു കർഷകനു് സീലിംഗ് ഏരിയാ വരെയുള്ള ഭൂമി കൈവശം വയ്ക്കാം; അതൊഴിച്ചുള്ള ഭൂമി മാത്രമേ സറണ്ടർ ചെയ്യുകയുള്ളൂ. അങ്ങനെയാണെങ്കിൽ വസ്തു ഉടമസ്ഥൻ സ്വന്തം കൃഷിക്കുവേണ്ടി ഭൂമി ഒഴിപ്പിച്ചെടുക്കുമ്പോൾ, സീലിംഗ് ഏരിയാവരെ ഭൂമി ഒഴിപ്പിക്കാനുള്ള അവകാശം നിഷേധിക്കുന്നതു് എന്തുകൊണ്ടാണെന്നാണു ഞാൻ ചോദിക്കുന്നതു്. ഒരു കുടിയാനെയും, വസ്തു ഉടമയേയും രണ്ടു നിലയിൽ കണക്കാക്കേണ്ട കാര്യമില്ല. ഒരു കൃഷിക്കാരന്റെ കയ്യിൽ 15 ഏക്കറിൽ കൂടുതൽ ഇരുപ്പുനിലം ഉണ്ടെങ്കിൽ മാത്രമേ ഒരു ഭൂവുടമയ്ക്കു വസ്തു ഒഴിപ്പിച്ചെടുക്കാൻ കഴിയൂ. സാധാരണ ഗതിയിൽ, വസ്തു ഉടമകളുടെ വസ്തുക്കൾ പത്തോ, ഇരുപതോ ഏക്കർ ഭൂമി രോധിക്കുണ്ടെങ്കിൽ, അതു രണ്ടു്, മൂന്നു കുടിയാന്മാരുടെ കൈവശത്തിലായിരിക്കും. പത്തും, എട്ടും ഏക്കർ വീതം ഓരോരുത്തരുടെ കയ്യിലായാൽ സാധാരണ ഗതിയിൽ ആ വസ്തു ഭൂവുടമയ്ക്കു് ഒഴിപ്പിച്ചെടുക്കാൻ സാധിക്കാത്ത ഒരു അവസ്ഥയാണു് ഇതുമൂലം വന്നുചേരുക. ഒരു ഭൂവുടമയ്ക്കു സ്വന്തം കൃഷിആവശ്യത്തിനു പോലും അയാളുടെ വസ്തു ഒഴിപ്പിച്ചെടുക്കാനുള്ള ഒരു സാഹചര്യം ഇന്നില്ല. അഥവാ വല്ല ടെനൻറിന്റെയും കൈവശം 15 ഏക്കറിൽ കൂടുതൽ ഭൂമി ഉണ്ടെങ്കിൽത്തന്നെയും, അതിൽനിന്നും അഞ്ചു് ഏക്കറിൽ കൂടുതൽ ഭൂവുടമയ്ക്കു ഒഴിപ്പിക്കാൻ പാടില്ലെന്നാണു് ഇവിടെ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഇങ്ങനെയൊരു

12 noon

LIBRARY ARCHIVES Kerala Legislative Assembly

നിർബ്ബന്ധം വയ്ക്കുന്നതിന്റെ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. വസ്തു ഉടമയുടെ പേരിൽ ഒരു വൈരാഗ്യബുദ്ധിയോടുകൂടി ഒപരുമാറുകയല്ലേ എന്ന് ഞാൻ ശങ്കിക്കുകയാണ്. കർഷകരുടെ കൈവശമുള്ള ഭൂമി സീലിംഗ് പരിധി കഴിച്ചുള്ളതു് ഗവണ്മെന്റിലേക്ക് സറണ്ടർ ചെയ്യുകയാണ്. അങ്ങനെ ഗവണ്മെന്റിലേക്ക് എടുക്കുന്ന ഭൂമി, ഭൂമിയില്ലാത്ത കർഷകർക്കുവേണ്ടി കൊടുക്കുകയാണ്. അങ്ങനെ ഗവണ്മെന്റ് എന്തുദ്ദേശത്തിൽ ഭൂമി വിതരണം ചെയ്യുന്നുവോ, അതിന്റെ താൽപ്പര്യം ആദരിച്ചുതന്നെയാണ് ഭൂവുടമകൾ സ്വന്തം കൃഷിക്ക ഭൂമി ഒഴിപ്പിച്ചെടുക്കണമെന്നു വിചാരിക്കുന്നതു്. അങ്ങനെ സ്വന്തമായിട്ട് കൃഷി ചെയ്യുന്നതിനു ഭൂമി കൊടുക്കുമ്പോൾ അതു് അഞ്ചു് ഏക്കറിൽ അധികം പാടില്ലെന്നു വ്യവസ്ഥ ചെയ്യുന്നതു് വസ്തു ഉടമകളോടു് ഏതോ വൈരാഗ്യമുള്ളതുകൊണ്ടാണെന്നു തോന്നിപ്പോകുന്നു. അങ്ങനെയൊരു ക്ലോസ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു് ഒരു തരത്തിലും നീതീകരിക്കത്തക്കതല്ല. ഇതിനു് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ ഒന്നുകൂടി വിശദമാക്കുന്ന രീതിയിലാണ് ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി. അദ്ദേഹം പറയുന്നതു് ഇങ്ങനെയാണ്:

"Provided that in no case the landlord shall be entitled to resume under this sub-section more than half the area of the excess land liable to be surrendered under section 59."

ഇപ്പോൾ ടെനൻറിന്റെ കൈവശമുള്ള ഭൂമി സീലിംഗ് ഏരിയായിൽ കൂടുതൽ ഉള്ളതുമാത്രമേ സറണ്ടർ ചെയ്യാൻ അവകാശമുള്ളൂ. സറണ്ടർ ചെയ്യാൻ ഭൂമിയുണ്ടെങ്കിൽപ്പോലും, ഒഴിപ്പിച്ചെടുക്കുമ്പോൾ, വസ്തു ഉടമ അതിന്റെ പകുതി മാത്രമേ ഒഴിപ്പിച്ചെടുക്കാവൂ എന്നു പറയുന്നു. അഞ്ചു് ഏക്കർ ഭൂമിവരെയെങ്കിലും ഒഴിപ്പിച്ചെടുക്കാനുള്ള സാഹചര്യംപോലും നിഷേധിക്കുന്ന ഒരു അവസ്ഥാവിശേഷമാണ് ഇതുകൊണ്ടുണ്ടാകുന്നതു്. വലതുകൈകൊണ്ടു കൊടുക്കുന്നതു്, ഇടതുകൈകൊണ്ടു് തിരിച്ചെടുക്കുന്ന ഒരു സമ്പ്രദായമാണിതു്. നാം ഇതു സ്വീകരിക്കുന്നതു് എന്തിനുവേണ്ടിയാണെന്നു ഞാൻ ചോദിക്കുകയാണ്. നിശ്ചയമായും വസ്തു ഉടമയോടു് വൈരാഗ്യബുദ്ധിയോടുകൂടി പെരുമാറുന്ന ഈ നിലപാടു് നാം ഉപേക്ഷിക്കേണ്ടതാണ്. വിപ്ലവകരമായ ഒരു നിയമനിർമ്മാണത്തിൽ നാം ഏർപ്പെട്ടിരിക്കുമ്പോൾ, എല്ലാവർക്കും ഒരുപോലെ നീതി ലഭിക്കണമെന്നുള്ള നിർബ്ബന്ധബുദ്ധിയോടുകൂടി നാം മുമ്പോട്ടു പോകണമെന്നാണ് എനിക്കു പറയാനുള്ളതു്.

സർ, ശ്രീ. ഇ. പി. പൗലോസ് അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്.

"(5) (ii) Notwithstanding anything contained in sub-sections (3) and (4) a trustee or owner of a place of public religious worship or of any other public religious or charitable institution or endowment may resume from the possession of a tenant land in excess of the ceiling area, so however that the total extent of the land in the possession of such person as trustee or such owner may not exceed fifty acres."

സർ, പബ്ലിക്ക് റിലിജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻ അൻപതേക്കർ ഭൂമിവരെയെങ്കിലും അവരുടെ ആവശ്യത്തിനു കൃഷി നടത്താനും മറ്റും കൊടുക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഇന്നു് നമ്മുടെ സംസ്ഥാനത്തു് പല കന്യകാലയങ്ങളും, ആശ്രമങ്ങളും ഉണ്ട്. അവിടെ പത്തും, നൂറും വ്യക്തികൾ വീതം ജീവിച്ചുവരുന്നുണ്ട്. അവർക്ക് സ്വന്തമായി കൃഷി നടത്തുന്നതിനും, ആവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും, സൗകര്യപ്രദമായ രീതിയിൽ ഒരു സാഹചര്യം ഉണ്ടാക്കികൊടുക്കണം. ഇവ Public religious and charitable institutions-ൽ ഉൾപ്പെടുമോ എന്നു് എനിക്കറിഞ്ഞുകൂടാ. എന്നിരുന്നാൽത്തന്നെയും, അധികം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കുസുമം ജോസഫ്]

വ്യക്തികൾ ഒരുമിച്ചു ജീവിക്കുന്ന ഇതുപോലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മുടങ്ങാതെ നടത്തുന്നതിനുള്ള സാഹചര്യം നാം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. ഇനിമേലാൽ ഇത്തരം സ്ഥാപനങ്ങളുടെ നിലനില്പുതന്നെ പാടില്ലെന്നുള്ള ഒരു സ്ഥിതി വന്നുചേരാൻ ഇടയാക്കരുതു്. അവരുടെ ആവശ്യത്തിനു സ്വന്തം കൃഷി നടത്തുന്നതിനു് കുറെ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള സൗകര്യം കൊടുക്കേണ്ടതാണ്. 50 ഏക്കർ ഭൂമി അവർക്കു കൃഷിയാവശ്യത്തിനുവേണ്ടി കൈവശം വയ്ക്കാൻ അനുവദിക്കുന്നതുകൊണ്ടു് ഒരു ദോഷവും വരാനില്ല.

ശ്രീ. ഇ. പി. പൗലോസ്, സബ്ജു് ക്ലാസ്സുകൾ 7, 8, 9 ഇവകളിൽ 'land tribunal' എന്നതിനു പകരം 'court' എന്ന പദം ഉപയോഗിക്കാം എന്നു ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്. ഞാൻ അവയെ അനുകൂലിക്കുകയാണു്. സർ, നാം കഴിഞ്ഞ ദിവസം ഇവിടെ അംഗീകരിച്ച രീതിയിലുള്ള ഒരു ലാൻഡ് ട്രൈബ്യൂണലാണു് റിസംപ്ഷൻ സംബന്ധിച്ച മുതലായ വകുപ്പുകൾ കൈകാര്യം ചെയ്യുന്നതെങ്കിൽ അതു് ഏറ്റവും തെറ്റായ ഒരു നടപടിയായിരിക്കുമെന്ന വ്യക്തമായ അഭിപ്രായമാണു് എനിക്കുള്ളതു്. Resumption മുതലായ ഗൗരവമേറിയ മുതലുകൾ അവരെ ഏൽപ്പിക്കുന്നതുകൊണ്ടു് പലപ്പോഴും കുഴപ്പമുണ്ടാകാനുള്ള സാദ്ധ്യതയാണുള്ളതു്. അതുകൊണ്ടു് ഒരു കോടതിക്കുതന്നെ, നീതിന്യായ കോടതിക്കുതന്നെ വിട്ടുകൊടുക്കേണ്ടതാണു്. കക്ഷിരഹിതമായും, കാര്യക്ഷമമായും നീതിപൂർവ്വകമായും കാര്യം നടത്താൻ കോടതികളെ ഈ മുതലുകൾ ഏൽപ്പിക്കുകയായിരിക്കും നല്ലതു്. ലാൻഡ് ട്രിബ്യൂണലിനെ ഒരുമേൽപ്പിക്കുന്ന ഈ മുതലുകൾ ഒരു കോടതിയെ ഏൽപ്പിക്കണമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മാലേത്തു ഗോപിനാഥ പിള്ള : സർ, ശ്രീ. രാഘവമേനോന്റെ 413-ാം നമ്പർ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം, സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ വരുത്തിയിട്ടുള്ളതിൽ വലിയ മാറ്റങ്ങൾ ഇപ്പോൾ വരുത്തിയിരിക്കുന്നതായി കാണുന്നു. അങ്ങനെ മാറ്റം ചെയ്യപ്പെട്ട വകുപ്പുകൾ, സാധാരണ പാവപ്പെട്ട ചെറുകിട ഭൂവുടമകളെ സംബന്ധിച്ചിടത്തോളം വളരെയധികം വൈഷമ്യം ഉണ്ടാക്കുന്നതാണു്. ഈ കാര്യം നിർമ്മത്സരബുദ്ധികളായ എല്ലാവരും സമ്മതിക്കുമെന്നാണു് എന്റെ വിശ്വാസം. ഇതിൽ വളരെ വിചിത്രമായിട്ടുള്ള ഭേദഗതികളാണു്, ബഹുമാന്യരായ റവന്യൂ മിനിസ്റ്റർ അവതരിപ്പിച്ചിട്ടുള്ളതു്. റവന്യൂ മിനിസ്റ്റരുടെ ഭേദഗതികൾ കാണുമ്പോൾ 'പാവിനേക്കാൾ കഷ്ടം പതിന്നാങ്കു്' എന്നു പറയേണ്ടിയിരിക്കുന്നു.

സർ, ഒഴിപ്പിക്കൽ വകുപ്പിനെപ്പറ്റി ചിന്തിക്കുമ്പോൾ, 57-ാം വകുപ്പു് 1-ാം ഉപവകുപ്പുകൂടി ആലോചിക്കേണ്ടതാണു്. 57 (1) അനുസരിച്ചു്, സീലിംഗ് കഴിഞ്ഞുള്ള ഭൂമി കൈവശം വയ്ക്കാൻ ഈ രാജ്യത്തു് ആർക്കും സാദ്ധ്യമല്ല. 4 (1)-ലായിൽ നേരത്തേ ഉണ്ടായിരുന്നതു് കൂടിയാണു് സീലിംഗ് വരെ നിറുത്തിക്കൊണ്ടു് ബാക്കി വസ്തു ഒഴിപ്പിച്ചെടുക്കാമെന്നായിരുന്നു. അന്നു വേറേ ഭേദഗതികളും ഒന്നും ഇല്ലായിരുന്നു. കൂടിയാന്റെ കൈവശം എത്രയുണ്ടായാലും സീലിംഗ് കഴിച്ചു ബാക്കി ഒഴിപ്പിച്ചെടുക്കാമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയിൽ അനാവശ്യമായ ഒരു പ്രതിബന്ധംകൂടി ഉണ്ടാക്കിവച്ചിരിക്കുകയാണു്.

നാം എന്തെങ്കിലും നിയമനിർമ്മാണം ചെയ്യുമ്പോൾ പൊതുതത്പരങ്ങളെ തീർച്ചയായും മുൻകൂട്ടി കാണേണ്ടതാണു്. രാജ്യത്തുള്ള ഏതെങ്കിലും പ്രക്ഷോഭണം കണ്ടുവിരണ്ടോ അല്ലെങ്കിൽ രാജ്യത്തു് അടിക്കുന്ന കാറ്റു് പ്രതികൂലമാണെന്നു് ഭയപ്പെട്ടോ വൈരാഗ്യബുദ്ധിയോടുകൂടി അനുദിനം ഭേദഗതികളും മന്ത്രിതന്നെ കൊണ്ടുവരുന്നതു് ശരിയല്ല. ഇതു കാണുന്നവർക്കു തോന്നിപ്പിക്കുന്നതു് ബഹുമാനപ്പെട്ട മന്ത്രിക്കുപോലും ഈ ബില്ലിന്റെ യഥാർത്ഥചിത്രത്തെ സംബന്ധിച്ചു് യാതൊരു ഉറച്ച അഭിപ്രായവും ഇല്ലെന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാഘവമേനോന്റെ ഭേദഗതി എല്ലാവർക്കും സ്വീകാര്യമായിരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അദ്ദേഹം പറഞ്ഞിരിക്കുന്നതു് ഒരു ഭൂ ഉടമസ്ഥനു് കുടിയാനിൽനിന്നും സീലിംഗു് വരെ ഭൂമി ഒഴിപ്പിച്ചെടുക്കാമെന്നും, അങ്ങനെ എടുക്കുമ്പോൾ കുടിയാന്റെ കൈവശം ഉണ്ടായിരുന്ന ഭൂമിയുടെ പകുതിയിൽ കൂടുതൽ ഒഴിപ്പിക്കാൻ പാടില്ലെന്നുമാണു്. കുടിയാനും പാവപ്പെട്ട ജന്മിക്കും ദോഷം വരാത്ത നിലയിൽ ആരെയും ആരും ദ്രോഹിക്കാതെ എല്ലാവരും കൂടിഅതുകൂടണമെന്നുള്ള ഒരു സ്ഥിതിസമതുലനത്തിലേക്കു് ഇൻഡ്യ നീങ്ങിക്കൊണ്ടിരിക്കയാണു്. കുടിയാനോടു് അനുകൂല്യം കാണിക്കേണ്ടെന്നല്ല ഞാൻ പറയുന്നതു്. അവരോടു് അനുകൂല്യം കാണിക്കേണ്ടതു് ചരിത്രപരമായ ഒരാവശ്യമാണു്. ഇങ്ങനെയൊരു ഭൂനിയമം പുതിയതായി നമ്മുടെ രാജ്യത്തു കൊണ്ടുവരുമ്പോൾ ഭൂമിയിൽ കൃഷി ചെയ്യാൻ അറിയാവുന്നവരും സാമ്പത്തികമായി കുടിയാന്മാരെക്കാൾ ഒട്ടും മെച്ചമല്ലാത്തവരുമായ പാവപ്പെട്ട ജന്മിമാർക്കു് മനഃക്ഷോഭമുണ്ടാക്കാതെയും വിപ്ലവങ്ങൾക്കും പ്രക്ഷോഭണങ്ങൾക്കും ഇടകൊടുക്കാതെയും ഇരിക്കേണ്ടതാണു്. കുടിയാന്മാർക്കു് അനുകൂല്യം നൽകണമെന്നുള്ള തത്വത്തെ സംബന്ധിച്ചിടത്തോളം ഈ നിയമസഭയുടെ ഒരു ഭാഗത്തും എതിരഭിപ്രായമില്ല. അഭിപ്രായവ്യത്യാസം തീരെ പാവപ്പെട്ട ജന്മിയെ സംബന്ധിച്ചു മാത്രമാണു്. അങ്ങനെയുള്ള ജന്മിമാർക്കു അനുകൂല്യം ചെയ്തുകൊടുക്കണമെന്നുള്ളതിനോടു് ജന്മി എന്നു കേൾക്കുമ്പോൾ അങ്കലാപ്പു് . ഉണ്ടാകാത്ത ആളുകൾക്കു യോജിക്കാൻ കഴിയും. പ്ലാനിംഗു് കമ്മിഷൻ പറഞ്ഞിട്ടുള്ള കാര്യം പറയുമ്പോൾ കമ്മിഷൻ അങ്ങനെ പറഞ്ഞിട്ടുള്ളതുകൊണ്ടു് ഇവിടെ അതു വരുത്തണമോയെന്നു പലപ്പോഴും ചോദിച്ചിട്ടുണ്ടു്. പ്ലാനിംഗു് കമ്മിഷൻ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു് തീരെ താഴെക്കിടയിലുള്ള വസ്തു ഉടമസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ ഭൂമി ഴുവൻതന്നെ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കണമെന്നു്. റിപ്പോർട്ടിന്റെ 158-ാംപേജിൽ 23-ാംഖണ്ഡികയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"There is a consensus of opinion that a very small number of holdings should be permitted to resume their entire area."

അതു അഖിലേന്ത്യാടിസ്ഥാനത്തിലുള്ള തത്വമായി സ്വീകരിക്കണമെന്നു പറഞ്ഞിരിക്കയാണു്. ഇതിൽ സീലിംഗു് ഏര്യായിൽ കവിഞ്ഞു ഭൂമിയുണ്ടെങ്കിൽ ഒഴിപ്പിച്ചെടുക്കാമെന്നും പറയുന്നുണ്ടു്. അതാണു് മനുഷ്യരെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു കൂട്ടിപ്പിക്കൽ പ്രസ്ഥാനം. അങ്ങനെ സീലിംഗിനുപരി കുടിയാന്റെ പക്കൽ ഭൂമി ഉണ്ടായിരിക്കാൻ പാടില്ലെന്നു ഒരു വകുപ്പു ഉണ്ടാക്കാൻ പോവുകയാണു്. ഇങ്ങനെ എഴുതിവയ്ക്കുന്നതു് ഈ രാജ്യത്തു ഈ ബില്ലിനെതിരായി ഉണ്ടായ പ്രതിഷേധം കണ്ടു് ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ ചെയ്യുന്നതാണു്. ഇതിനു് ശ്രീ. രാഘവമേനോന്റെ ഭേദഗതി വളരെ സ്വീകാര്യമായിട്ടുള്ളതാണു്. ജന്മി എന്നു പറയുമ്പോൾ, വടക്കെ ഇൻഡ്യയിലെ ജന്മിമാരെപ്പോലെയുള്ള വലിയ ഭൂ ഉടമകളാണെന്നു ധരിക്കരുതു്. ഇന്നലെ വരെ ഭൂമി സ്വന്തമായി വിചാരിച്ചിരുന്നവരും നാളെയും സ്വന്തമായിരിക്കുമെന്നു വിചാരിച്ചിരുന്നവരും ഭൂമിയിൽ വേല ചെയ്തു വിളവെടുക്കാൻ അറിയാവുന്നവരുമായ ആളുകളാണു് പാവപ്പെട്ട ജന്മിമാർ. അങ്ങനെയുള്ള ആളുകൾക്കു് സീലിംഗുവരെ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള അവകാശം കൊടുക്കണം. അപ്പോൾ കുടിയാന്റെ പ്രശ്നം വരുന്നു. അതു പരിഹരിക്കുന്നതിനു വേണ്ടി ശ്രീ. രാഘവമേനോൻ അദ്ദേഹത്തിന്റെ ഭേദഗതിയിൽ ഒരു ഉപവകുപ്പു ഉൾക്കൊള്ളിച്ചിട്ടുണ്ടു്. അതായതു് ഒഴിപ്പിക്കുമ്പോൾ കുടിയാന്റെ കൈയിൽ പകുതി ഭൂമിയെങ്കിലും ഉണ്ടായിരിക്കണമെന്നാണു്. ആ നിലയിൽ ഭേദഗതി കൊണ്ടു ദോഷമൊന്നും ഉണ്ടാകാൻ പോകുന്നില്ല. വളരെ കഷ്ടപ്പെട്ടു ഭൂമി സമ്പാദിച്ചിട്ടുള്ളവരാണു് ചെറിയ ജന്മിമാർ. അങ്ങനെയുള്ള ആളുകളുടെ രക്ഷയ്ക്കുവേണ്ടി പകുതിയെങ്കിലും കൊടുക്കുക. അതുകൊണ്ടു് ഒഴിപ്പിക്കുന്നതിനുള്ള അവകാശം ഈ ഭേദഗതിയനുസരിച്ചെങ്കിലും നൽകണമെന്നു് ഈ സഭയെ വളരെയധികം ആദരവോടുകൂടി അറിയിച്ചുകൊള്ളുന്നു. ഇതു കൂടാതെ ബിൽ അതുപോലെങ്കിൽ അതു ഈ രാജ്യത്തു നടപ്പാക്കുന്നതിനെ എതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

ക്കേണ്ട അളുകം വളരെയധികം കാണും. ഇങ്ങനെയുള്ള എതിർപ്പു വരുത്താതെ ഈ സഭയുടെ എല്ലാഭാഗത്തുമുള്ള അനുകൂല്യങ്ങളും സമ്പാദിച്ചുകൊണ്ടു് നിയമം പാസ്സാക്കണമെന്നാണു് ഞാൻ പറയുന്നതു്. സാമ്പത്തികമായ നിലവച്ചുനോക്കിയാലും ഇന്നലെവരെ കഴിഞ്ഞിരുന്ന സ്ഥിതി വച്ചുനോക്കിയാലും നിയമം നമ്മുടെ രാജ്യത്തു നടക്കാൻ വേണ്ടി റിസംപ്ഷൻ അനുവദിക്കേണ്ടതാണു്. ശ്രീ. ചന്ദ്രശേഖരൻനായരുടെ ഭേദഗതിയെപ്പറ്റി ഞാനൊന്നും പറയുന്നില്ല. അങ്ങനെയൊന്നും എഴുതിവച്ചാൽ വിലപ്പോവുകയില്ല. കാരണം അതു മനുഷ്യനെക്കൊണ്ടു സാധ്യമല്ലെന്നുള്ളതു തന്നെയാണു്. അതുകൊണ്ടു് നമുക്കു എല്ലാവക്കും സ്വീകാര്യമായ നിലയിൽ നിയമം പാസ്സാക്കണം. ബില്ലിൽ ഒരു ഭാഗത്തു ഭൂമി കൈയിൽ വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും അവകാശമുണ്ടെന്നു സമ്മതിക്കുന്നുണ്ടു്. അതിൽ കള്ളത്തരം ഇല്ലാതെ അനുവദിക്കേണ്ടതാണു്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി സ്വീകരിച്ചാൽ പിന്നെ ഇതിന്റെ ഒരാവശ്യവുമില്ല. ഈ അഞ്ചേക്കർ, മന്ത്രി ആരെ ഉദ്ദേശിച്ചതാണു് കൊണ്ടുവന്നതു്? കടിയാനു് 15 ഏക്കറാകാം; ജന്മി എന്നു പറയുന്ന മഹാപാപിയ്ക്കു് 5 ഏക്കർ പാടുള്ളു എന്നു പറയുന്നതു് ഏതു നരകത്തിലെ ന്യായമാണെന്നു ഞാൻ ചോദിക്കുകയാണു്. വളരെ ന്യായമായ ശ്രീ. രാഘവമേനോന്റെ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker: It has been agreed that the current sitting of the Assembly shall be extended till the 10th of June 1959 with a view to get through the Agrarian Relations Bill now under consideration. There will be no afternoon sitting till the 6th of June. We will watch the progress of the Bill till that day and if it seems necessary to have prolonged sittings, then we may have afternoon sittings as well on the 8th, 9th and the 10th of June 1959. There will be no question hour from the 1st to the 5th June. A bulletin showing the respective dates of answering questions by different Ministers on the other dates will be circulated among Members. There will be no sitting on Thursday the 28th May, being Corpus Christi.

ശ്രീമതി കെ. ആർ. ഗൌരി: സർ, ഞാൻ മൂന്നാമത്തെ ലിസ്റ്റിൽ എട്ടാമതായി കൊടുത്തിരിക്കുന്ന ഭേദഗതി, കൺസാളിഡേറ്റഡ് ലിസ്റ്റിൽ മെമ്പർമാർ കൊടുത്തിരിക്കുന്ന ഭേദഗതികളെ എല്ലാം പരിശോധിച്ചു് സ്വീകരിക്കാവുന്നതു്, സ്വീകരിച്ചുകൊണ്ടുള്ള ഒരു ഭേദഗതിയാണു്. ഇവിടെ ചില ചില്ലറ വാക്കുകൂടി ഭേദഗതി ചെയ്യാൻ അനുവദിക്കുമെന്നു കരുതുന്നു.

I suggest that sub-clause 4 (a) may be changed and read "A landlord requiring the holding bona fide for cultivation by him or any member of his family may resume from the tenant who or whose family is in possession of the land in excess of the ceiling area the whole or any portion of the holding so as not to reduce the extent of the land in the possession of the tenant below the ceiling area, nor to raise the extent of the land in the possession of the landlord above 5 acres of double crop nilam or its equivalent."

അതുപോലെതന്നെ "ടെനൻറ് ആൻഡ് ഹിസ് ഫാമിലി" എന്നു പറയുന്നിടത്തു്.....

Shri E. P. Poulose: What is the implication of 'family' as defined in this Bill?

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri: For the purpose of this Act, "family" means husband, wife and their unmarried minor children or such of them as exist.

Shri E. P. Poulose: Then it will not make much difference and the purpose of the amendment will not be served.

ശ്രീമതി കെ. ആർ. ഗൌരി : ഇത്രമാത്രമേ വ്യത്യാസമുള്ളൂ. ടെനൻറ് നല്ല. ടെനൻറിൻെറ ഫാമിലിക്ക മാത്രമേയുള്ളൂ എന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. കെ. കെ. വിശ്വനാഥൻ : "Tenant who or whose family is in possession" എന്നു പറഞ്ഞാൽ ഫാമിലിയുടെ പേരിൽ കൈവശമുള്ള അർത്ഥം വരും. അതുകൊണ്ട് "any member of his family" എന്നു പറയണം.

Smt. K. R. Gouri: I have no objection to accept it.

I accept the amendment of Shri E. Chandrasekharan Nair, which is as follows:

In clause 7, add the following proviso at the end of sub-clause (4) (a):

Provided that in no case the landlord shall be entitled to resume under this sub section more than half the area of the excess land liable to be surrended under Section 59."

Mr Speaker: It would be better if the wording is as follows:

"Provided that in no case shall the landlord be entitled to resume under this sub section more land than half the extent of the land in excess of the ceiling area in the possession of the tenant that may be liable to be surrendered if section 59 were to apply".

ശ്രീമതി കെ. ആർ. ഗൌരി : എൻെറ മെയിൻ അമെൻറുമെൻറ് (No. 8 in Supplement list No. 3) കൂടാതെ വേറെയും ചില ഭേദഗതികൂടെ ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. സർ, ഈ ഭേദഗതികൾ അവതരിപ്പിച്ചിരിക്കുന്നത്, കൺസോളിഡേറ്റഡ് ലിസ്റ്റിലെ ഭേദഗതികളെല്ലാം പരിശോധിച്ച് സ്വീകരിക്കാവുന്നതു സ്വീകരിച്ചുകൊണ്ടാണ്.

ആ ഭേദഗതികളുടെ കൂട്ടത്തിൽ മി. ഇ. ടി. കുഞ്ഞൻറേയും ശ്രീമാൻ കുഞ്ഞമ്പുവിൻറേയും ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണമെന്നുള്ള ഭേദഗതികളും ഉണ്ടായിരുന്നു. അവയിലുള്ള ആശയങ്ങളേയും എൻെറ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ക്ലാസിനെ സംബന്ധിച്ച് വളരെ തെറ്റിദ്ധാരണയിലാണ് മി. പി. രാമുണ്ണിക്കറുപ്പ് ഇവിടെ സംസാരിച്ചതു. അദ്ദേഹം ഇവിടെ സംസാരിച്ചപ്പോൾ ചീഫ് മിനിസ്റ്റർ "സാമ്പത്തികബന്ധങ്ങൾ" എന്നൊരു പുസ്തകം എഴുതിയിട്ടുണ്ടെന്നും അതിൽ യാതൊരു കാരണവശാലും വസ്തുക്കൾ ഒഴിപ്പിക്കാൻ പാടില്ലാ എന്ന് എഴുതിയിട്ടുണ്ടെന്നും അങ്ങനെ വസ്തു ഒഴിപ്പിക്കുന്ന കാര്യത്തിൽ ജനങ്ങൾ എതിർത്തുനിൽക്കണമെന്നുമൊക്കെപറഞ്ഞു സർ. ഇതിനകത്തു ആക്ട് ആരുടെ കൈവശത്തിൽനിന്നും എങ്ങനെ ഒഴിപ്പിക്കാം എന്നു ആദ്യത്തെ നാലു സബ് ക്ലാസുകളിൽ പറയുന്നുണ്ട്. സബ് ക്ലാസ് 3-ലും 4-ലും അതായതു Building purposes-നും 'self cultivation'-നും ചില restrictions വച്ചിട്ടുണ്ട്. ഇതു അനാവശ്യമായി ഒഴിപ്പിക്കാതിരിക്കാനും ആവശ്യത്തിനുമാത്രം ഒസ്സും ചെയ്യാനും വേണ്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ഈ ക്ലാസ് (എ), (ബി) ഡിലീറ്റ് ചെയ്തു രണ്ടുംകൂടി ഒരു ക്ലാസായി എഴുതി ചേർക്കണമെന്നും ഒരു ഭേദഗതി ഇവിടെ അവതരിക്കപ്പെട്ടിട്ടുണ്ട്. ടെനൻറിന്റെ ഡെഫനിഷൻ വന്നപ്പോൾ ഇന്നയിന്ന ആൾക്കാർ ടെനൻറ് എന്നു പറയുകയാണെങ്കിൽ അവർക്ക് വസ്തു കൈവശം വയ്ക്കുന്നതിനും ഒഴിപ്പിക്കലിന്റെ വ്യവസ്ഥകളും വരുമ്പോൾ വസ്തു ഉടമസ്ഥനു ആവശ്യമായിട്ടുള്ള പ്രൊട്ടക്ഷൻ കൊടുക്കുക എന്നുള്ള നിലയിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വാരക്കാരെ സംബന്ധിച്ച് 1957-ഏപ്രിൽ 11-നാണ് നമ്മുടെ സ്റ്റേ ആക്ട് എവിക്ഷൻ നിയമം ഇവിടെ വന്നതു്. അന്നുവരെ അവർക്ക് പ്രൊട്ടക്ഷൻ ഇല്ലായിരുന്നു. അവർക്കുടി ഫിക്സിറ്റി കൊടുത്തിട്ടുണ്ട്. അതുകൊണ്ട് വാരക്കാരുടെ കൈവശമിരിക്കുന്ന വാരഭൂമിയുടെ പകുതി ഒഴിപ്പിച്ചെടുക്കാമെന്നു് വ്യക്തമായിട്ടെഴുതിയിരിക്കുകയാണു്. വസ്തു ഉടമസ്ഥനു് അഞ്ചേക്കർവരെയുള്ളതിൽ ടെനൻറിനു് ഈ കൈവശമുണ്ടു് ഇന്നയിനത്തിലുള്ളതു് എങ്ങനെയെടുക്കാം എന്നുള്ളതിനെ സംബന്ധിച്ചൊന്നും അതിലില്ല. ആ നിലയിൽ വാരക്കാരെ സംബന്ധിച്ചു് പകുതി പകുതി എന്നു നിർബന്ധമായി എഴുതിച്ചേർത്തിരിക്കുകയാണു്. ഒഴിപ്പിക്കുന്നതിനുള്ള നിയമം ഈ legislation-ൽ മാത്രമെന്നു പറയുന്നതു ശരിയല്ല. പല States-ലും പാസ്സാക്കിയിട്ടുള്ള നിയമത്തിലും കാണാം. അവിടേയും കൃഷിക്കാരെ വേർതിരിച്ചു് ഒഴിപ്പിക്കുന്നതിനു് വ്യവസ്ഥ ചേർത്തിട്ടുണ്ട്. അവിടത്തെ നിയമങ്ങളിൽ പ്രൊട്ടക്ടഡ് ടെനൻറിനെ എങ്ങനെ ഒഴിപ്പിക്കാം ഏതുവിധത്തിൽ ഒഴിപ്പിക്കാം എന്നും അല്ലാത്ത ടെനൻറിനെ എങ്ങനെ ഒഴിപ്പിക്കാം എന്നും വ്യത്യസ്തമായിതന്നെ എഴുതിച്ചേർത്തിട്ടുണ്ട്. സെക്ഷൻ 4-ൽ എല്ലാ ടെനൻറിനും ഫിക്സിറ്റി കൊടുത്തപ്പോൾ മി. ഗോപിനാഥപിള്ള പറയുന്നതു വസ്തു ഉടമസ്ഥനാക്കു് ഒന്നും കൊടുക്കരുതെന്നുള്ളതുകൊണ്ടിങ്ങനെയെല്ലാം എഴുതുകയാണു് എന്നു പറഞ്ഞു. നാം ഈ നാട്ടിലെ സ്ഥിതിഗതികളും മനസ്സിലാക്കി ജനങ്ങളുടെ ഈ ഭൂമിയുമായിട്ടുള്ള ബന്ധങ്ങളും മനസ്സിലാക്കി സാമൂഹ്യമായിട്ടുള്ള മാറ്റങ്ങളും മനസ്സിലാക്കി അതിന്റെ സൈക്കോളജിക്കൽ എഫക്ടും മനസ്സിലാക്കി അതു വച്ചുകൊണ്ടാണു് ഈ വാരക്കാരെ സംബന്ധിച്ചു പകുതി ഒഴിപ്പിക്കാം എന്ന നിബന്ധന വച്ചിരിക്കുന്നതു്.

ശ്രീ. ഈ. പി. പൗലോസ് : ക്ലാസ് (എ) അനുസരിച്ചു് അഞ്ചേക്കർ ഇല്ലാത്ത ഒരു വസ്തുഉടമസ്ഥൻ 15 ഏക്കറിൽ കൂടുതൽ ഭൂമിയുള്ള ഒരു പാട്ടക്കാരനുമാണെങ്കിൽ അയാളുടെ വസ്തു ഈ അഞ്ചേക്കറില്ലാത്ത വസ്തുഉടമസ്ഥനു് ഒഴിപ്പിക്കാമോ ? അങ്ങനെയുള്ള ഒരു അനുഭവം മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : എന്റെ അനുഭവത്തിലുണ്ടു്. കുട്ടനാട്ടിൽ ധാരാളമുണ്ടു്. ടെനൻറിന്റെ കയ്യിൽനിന്നും എന്തൊഴിപ്പിക്കാം എന്നുള്ള കാര്യത്തിൽ വസ്തു ഉടമസ്ഥനെയാണു് നോക്കേണ്ടതു്. അഞ്ചേക്കർവരെ ഇല്ലാത്ത വസ്തു ഉടമസ്ഥനാക്കു് പകുതി ഒഴിപ്പിക്കാം. ഇതിൽ അഞ്ചേക്കറിനു് മുകളിലുള്ള വസ്തുഉടമസ്ഥനു് അതിൽ ടെനൻറിന്റെ ഇൻററസ്റ്റ് അഞ്ചേക്കറിനു് താഴെയാണെങ്കിൽ, അതായതു് ഈ അഞ്ചേക്കറിനു് മുകളിലും 15 ഏക്കറിനു് താഴെയുമാണെങ്കിൽ അഞ്ചേക്കറിനു് താഴെയുള്ള വസ്തു ഉടമസ്ഥനു് ഒഴിപ്പിക്കാവുന്നതാണു്. ആ കൃഷിത്തിൽ തന്നെ വാരക്കാരാണെങ്കിൽ അഞ്ചിനു് താഴെയാണെങ്കിലും രണ്ടുപറ നിലം കൃഷിക്കു് കൊടുത്താലും രണ്ടുപറ നിലം ഒഴിപ്പിച്ചെടുക്കാം. സർ അതു വരുമ്പോൾ മി. പൗലോസിന്റെ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ലാതെ വരുന്നു. വസ്തു ഒഴിപ്പിക്കുമ്പോൾ ടെനൻറ് ആരാണെന്നു നോക്കാതെ ഒഴിപ്പിക്കുന്നതിനു് ബുദ്ധിമുട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : ഞാൻ പറഞ്ഞതു വാരക്കാരെ സംബന്ധിച്ചു ഡിസ്ട്രിംഗ്ഷൻ ആവശ്യമാണെന്നാണു്. ഏതെല്ലാമാണെന്നു് ക്യാറ്റഗറൈസു് ചെയ്തു അങ്ങനെ ഫിക്സിറ്റി കൊടുക്കുകയും ചെയ്യണമെന്നാണു്. ഞങ്ങൾ പറഞ്ഞതു് ആറുകൊല്ലമെങ്കിലും തുടർച്ചയായി കൈവശമുണ്ടെങ്കിലേ അതു അനുവദിക്കാവൂ എന്നു്. അങ്ങനെയുള്ള കണ്ടിഷൻസ് അക്കു് പറഞ്ഞു് ചെയ്യാതെ ഒഴിപ്പിക്കുന്ന സമ്പ്രദായത്തെപ്പറ്റിയാണു് ഞങ്ങൾ മൂണ്ടിക്കാണിച്ചതു്.

ശ്രീമതി കെ. ആർ. ഗൗരി : 1957 ഏപ്രിൽ 11-നാണു് ഇവിടെ സ്റ്റേ ആഫ് എവിക്ഷനിൽ നിയമം വന്നതു്. അതു വന്നുകഴിഞ്ഞതിനു ശേഷം വാരക്കാർ അവരുടെ ഭൂമിയിൽ ഉറച്ചുനിൽക്കുന്നുണ്ടു്. നിങ്ങൾക്കു് ഈ വാരം അറുകൊല്ലം എന്നുള്ളതു നിങ്ങൾക്കു് പ്ലീവു ചെയ്യാൻ സാധ്യമല്ലെങ്കിൽ നിങ്ങൾ ഇറങ്ങിപ്പോകണം എന്നു പറയുന്നതു് വാരക്കാരെ സംബന്ധിച്ചിടത്തോളം അന്യായമാണു് വാരക്കാർക്കു് ഇന്നുവരെ സ്ഥിരതയില്ലാതെയായിരുന്ന ഭൂമി കൃഷിക്കായി കൊടുത്തിരുന്നതു്. അവർക്കു് സ്ഥിരത കൊടുത്തിരുന്നില്ല. എന്നാൽ ഇപ്പോൾ അവർക്കു് കൊടുത്തിരിക്കുന്ന വസ്തുവിൽ പകുതി ഉടമസ്ഥനും, പകുതി ടെനൻറിനും അതായതു വാരക്കാരന്റെ കൈവശം നിന്നു് ഒഴിപ്പിച്ചെടുക്കാൻ അവകാശമുണ്ടു്. എനിക്കു തോന്നുന്നതു് ഞാൻ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയാണു് നല്ലതു്. അല്ലാതെ അറുകൊല്ലം കൈവശമായിരുന്നു എന്നുള്ളതു തെളിവുകൊടുക്കുന്നവർക്കു ഫിക്സിറ്റി എന്നതും ശരിയല്ല എന്നാണു്. കാരണം തെളിയിക്കാനുള്ള പ്രയാസമാണു്. അതുകൊണ്ടു പകുതി അവർക്കു് തീർച്ചയായും കിട്ടുമെന്നുള്ളതുകൊണ്ടു് അറുകൊല്ലം എന്നുള്ളതു പ്ലീവുചെയ്യേണ്ടിവരികയില്ല. വാരക്കാരെ സംബന്ധിച്ചിടത്തോളം ഉടമസ്ഥൻ കൊടുത്തിരിക്കുന്ന വസ്തു പകുതി ഒഴിപ്പിച്ചെടുക്കാമെന്നാണു് ഇതിൽ എഴുതി ചേർത്തിരിക്കുന്നതു്.

പിന്നെ പ്രധാനമായിട്ടു ഇവിടെ പറഞ്ഞതു വസ്തു ഉടമസ്ഥനേയും കുടിയാനേയും തമ്മിൽ വ്യവസ്ഥാപിതമായി കരുതുന്നുഎന്നാണു്. ഈ വസ്തു ഉടമസ്ഥനേയും കുടിയാനേയും സംബന്ധിച്ചിടത്തോളം വ്യത്യാസമില്ലെങ്കിൽ ലെജിസ്ലേഷൻ ആവശ്യമില്ല. കൊടുക്കുകയോ ഒഴിപ്പിക്കുകയോ ചെയ്യാം. ഇന്നു വസ്തുക്കൾ സ്ഥിരമായി കൊടുക്കുന്ന സമ്പ്രദായമുണ്ടു്. സ്ഥിരക്കാണങ്ങളുണ്ടു്, ഒഴിയാക്കാണങ്ങളുണ്ടു്. പക്ഷെ ഓരോ കാലങ്ങളിലും മനുഷ്യസമുദായത്തിന്റെ വളർച്ചയും അതിന്റെ ഒരു ഭാഗമായിട്ടുവരുന്ന സാമൂഹ്യമാറ്റങ്ങളും കാരണം കൃഷിചെയ്യുന്ന കൃഷിക്കാരനു് സ്ഥിരത കൊടുക്കുകയും അങ്ങനെ അവകാശങ്ങൾ ഓരോന്നായി കൊടുത്തു കൃഷിക്കാരനെ ഉടമസ്ഥനാക്കുന്ന നിയമത്തിൽ കൃഷിചെയ്യുന്ന കർഷകരുടെ കാര്യം കൂടി മുൻതൂക്കത്തോടുകൂടി കാണുക എന്നതു് സ്വാഭാവികമാണു്. ഇതു ഈ സ്റ്റേറ്റിൽ മാത്രമല്ല എല്ലാ സ്റ്റേറ്റിലും ഈമാതിരി ലെജിസ്ലേഷൻ കൊണ്ടുവരുമ്പോൾ ചെയ്യുന്നതാണു്. കർഷകക്കു് ഭൂമിയിൽ പരിപൂർണ്ണമായ അവകാശം കൊടുക്കുമ്പോൾ അവരുടെ ആവശ്യത്തിലേക്കു് കുറെ മുൻതൂക്കമിട്ടു കൊടുത്തുകൊണ്ടുതന്നെ പ്രവർത്തിക്കേണ്ടിവരും; അല്ലെങ്കിൽ ലെജിസ്ലേഷൻ സാധ്യമല്ല. രാജ്യത്തിന്റേയും മനുഷ്യസമുദായത്തിന്റേയും പുരോഗതിയുടെ ഫലമായി അതു സ്വാഭാവികമായി ഉണ്ടാകുന്നതാണു്—ഇക്കാലത്തിന്റെ സവിശേഷതയുമാണു്. കയ്യിലിരിക്കുന്ന ഭൂമി ഒഴിപ്പിക്കാതിരിക്കുക എന്നതു് കൃഷിക്കാരന്റെ ആവശ്യമാണു്—കാർഷിക വിള വർദ്ധിപ്പിക്കുന്നതിനു് ആവശ്യമാണു്. സീലിംഗ് രണ്ടുപേക്ഷം തുല്യമാണു്. കർഷകരുടെ കാര്യത്തിൽ ഒഴിപ്പിക്കാതിരിക്കുന്നതിനു് മാത്രം ഈ മുക്കം കൊടുക്കുക എന്നുള്ള നിലയിൽ അതുതന്നെയാണു് ഈ മുക്കം കൊടുത്തുകൊണ്ടു് ലെജിസ്ലേഷൻ എഴുതിയുണ്ടാക്കിയിരിക്കുന്നതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : കൈവശം വയ്ക്കുന്ന കാര്യത്തിൽ ടെനൻറിനു് 15 ഏക്കർ ആകാം. ടെനൻറിന്റെ കയ്യിൽ 15 ഏക്കറിൽ കൂടുതലുള്ള ഭൂമി ഉടമസ്ഥനു് എന്തുകൊണ്ടാണു് കൈവശംവയ്ക്കാൻ പാടില്ലാ എന്നു പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ 1949 മുതൽ വിധിനടത്തു നിത്തി വയ്ക്കൽ നിയമം ഉണ്ടായിരുന്നു. എന്നാൽ മലബാറിലും കൊച്ചിയിലും സ്ഥിര മായ നിയമങ്ങളൊഴിപ്പിക്കാൻ പാടില്ലാത്തതുണ്ട്. അപ്പോൾ കൃഷിചെയ്തു കൊണ്ടിരിക്കുന്ന ആളിന് ഭൂമിയിൽ സ്ഥിരാവകാശം കിട്ടുമെന്നുള്ള നിലയിലാണ്. ഒഴിപ്പിച്ചെടുക്കുന്ന ഭൂമിയ്ക്ക് ഒരു Ceiling വച്ചു എന്നുമാത്രം Economic holding-ന്റെ പരിധി.

ശ്രീ കെ. കെ. വിശ്വനാഥൻ : കൈവശംവച്ചു കൃഷിചെയ്യാൻ വേണ്ടി ടെനൻറിന് 15 ഏക്കർ കൈവശം വയ്ക്കാമെങ്കിൽ ടെനൻറിന് ഭോഷം വരാത്തവിധത്തിൽ വസ്തു ഉടമസ്ഥന പതിനഞ്ചേക്കർ വസ്തു എടുത്തുകൊണ്ടു പോടില്ലാ എന്നാണ് ഞാൻ ചോദിച്ചതു്.

ശ്രീമതി കെ. ആർ. ഗൗരി : നമ്മുടെ ഇന്നത്തെ നിലയിൽ ഫാമിലി യുടെ ഡഫനിഷൻകൂടി അംഗീകരിച്ചപ്പോൾ ഈ എക്സസ് ഭൂമി വളരെ കുറച്ചേ കാണുകയുള്ളൂ. ഈ അളിയസന്താനം, മരുമക്കത്തായം മുതലായ ഫാമിലികളും എല്ലാം അങ്ങനെ പോകുന്തോറും വളരെ വളരെ ഫാമിലികളും അവയുടെ ഉള്ളിൽ തന്നെ ഉണ്ടാകാൻ പോകുകയാണ്. അതുകൊണ്ടു ഇന്നത്തെ നിലയിൽ അഞ്ചേക്കർ എന്നുള്ളതിനേക്കാളും കൂടുതൽ കൊടുക്കേണ്ട യാതൊരാവശ്യവുമില്ല.

Mr. Speaker : Order, order. The House will now adjourn and meet again at 8 a. m. tomorrow.

The Assembly adjourned at 1 p. m. to meet again at 8 a. m. on Tuesday the 26th May 1959.

LIBRARY ARCHIVES Kerala Legislative Assembly